# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ജൂൺ 27 | ദീപം 57 | നാളം 16 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


## പ്രതീക്ഷയുടെ ഇളങ്കാറ്റിൽ

# റബർവിപണി തളിർചൂടുമ്പോൾ






പി.സി. സിറിയക്


**2014** മുതൽ പത്തുകൊല്ലമായി തകർന്നടിഞ്ഞുകിടന്ന റബർവിപണി ഉണരുന്ന കാഴ്ചയാണ്, കഴിഞ്ഞ രണ്ടു മാസക്കാലമായി നാം കണ്ടുകൊണ്ടിരിക്കുന്നത്. കുറേനാൾ 150 - 155 രൂപയിൽ വലിയ മാറ്റമില്ലാതെ നിന്ന കോട്ടയം മാർക്കറ്റിലെ റബർവില, ക്രമേണ ഉയരാൻ തുടങ്ങി; പിന്നീട് കുറേ ദിവസക്കാലം 170-175 രൂപ തലത്തിലെത്തി. ഒരാഴ്ച മുമ്പാണ്, വില 200 രൂപയും കടന്ന് ഗ്രേഡ്ഷീറ്റിന്റെ വില 203 രൂപയിലെത്തിയത്. പത്തു കൊല്ലം നീണ്ടുനിന്ന വിലയിടിവ് സർക്കാരിന്റെ ഇടപെടലോ സഹായമോ ഇല്ലാതെതന്നെ നീങ്ങിക്കിട്ടുകയായിരുന്നു. ഇനി വരുന്നത്, റബർകർഷകരുടെ നല്ല കാലമാണോ?

സ്വതന്ത്രമായി പ്രവർത്തിക്കുന്ന വിപണിയിൽ ഒരു ഉത്പന്നത്തിന്റെ ആവശ്യം, ലഭ്യത എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിന്റെ വിപണിയിലെ വില നിർണയിക്കപ്പെടുന്നത്. പക്ഷേ, കേരളത്തിലെ റബർവിപണി റബറിന്റെ പ്രധാന ഉപഭോക്താക്കളായ ടയർ കമ്പനികളുടെ പരിപൂർണ നിയന്ത്രണത്തിൻകീഴിലാണു പ്രവർത്തിക്കുന്നത്. നാം ഉത്പാദിപ്പിക്കുന്ന റബറിന്റെ 70 ശതമാനവും വാങ്ങിയുപയോഗിക്കുന്നത് പത്തോ പന്ത്രണ്ടോ വലിയ ടയർ കമ്പനികളാണ്. ഈ കമ്പനികളുടെ ഉദ്യോഗസ്ഥർ രണ്ടാഴ്ചയിലൊരിക്കൽ ഒത്തുകൂടി, അടുത്ത രണ്ടാഴ്ചക്കാലത്ത് തങ്ങൾക്ക് എത്ര ലോഡ് റബർ വാങ്ങണം, എന്തു വില നൽകണം എന്നു തീരുമാനിക്കുന്നു. തീരുമാനങ്ങൾ തങ്ങളുടെ ഏജന്റുമാരായ വലിയ റബർവ്യാപാരികളെ അറിയിക്കുന്നു; പറഞ്ഞ വിലയ്ക്കു ചരക്കു വാങ്ങി അവർ കമ്പനി ഗോഡൗണിൽ എത്തിക്കുന്നു. ആഴ്ചതോറും റബർഷീറ്റ് വിറ്റ്, അത്യാവശ്യകാര്യങ്ങൾ നടത്താൻ കാത്തിരിക്കുന്ന എട്ടു ലക്ഷം ചെറുകിട കർഷകർക്കു കമ്പനികൾ പറയുന്ന വിലയ്ക്കു റബർ വിൽക്കുകയല്ലാതെ നിവൃത്തിയില്ലല്ലോ!


▶12





സിൽജി ജെ. ടോം


# അവരുടെ സ്വപ്നങ്ങളെ അഗ്നിയിലെരിയിച്ചതാര്?



സ്വപ്നങ്ങളുടെ ഭാണ്ഡക്കെട്ടുമായി പുതുജീവിതം തേടി അറേബ്യൻ മണലാരണ്യങ്ങളിലേക്കു പോയ ഒരുകൂട്ടം യുവാക്കൾ, കുവൈറ്റ് എന്ന മോഹഭൂവിൽ അഗ്നിയിലമർന്ന സ്വപ്നങ്ങളുമായി പ്രിയപ്പെട്ടവരെയും പിറന്ന നാടിനെയും കണ്ണീരിലാഴ്ത്തി ചേതനയറ്റ് മരണപേടകങ്ങളിൽ തിരിച്ചെത്തിയതിന്റെ സങ്കടക്കടലിലാണു കേരളം. ലോകമെങ്ങുമുള്ള മലയാളികൾക്കും കടൽകടന്നെത്തിയ ഈ അപ്രതീക്ഷിതതിരിച്ചുവരവും യാത്രാമൊഴിയും താങ്ങാനാവാത്ത നൊമ്പരമാണു സമ്മാനിച്ചത്.

ജൂൺ 12 ബുധനാഴ്ച കുവൈറ്റിലെ മംഗഫിൽ വിദേശത്തൊഴിലാളികൾ താമസിച്ചിരുന്ന കെട്ടിടത്തിലുണ്ടായ തീപ്പിടിത്തത്തിൽ എരിഞ്ഞടങ്ങിയത് അമ്പതു ജീവനുകൾ, അതിൽ ഇരുപത്തിമൂന്നുപേരും മലയാളികളാണ് എന്ന വാർത്ത വിശ്വസിക്കാനാവുമായിരുന്നില്ല. ഗുരുതരമായി പൊള്ളലേറ്റവരേറെ. പ്രവാസജീവിതം അപ്രതീക്ഷിതമായി അവസാനിപ്പിച്ച് അന്ത്യോപചാരങ്ങൾ ഏറ്റുവാങ്ങാൻ അവർ എത്തിയപ്പോൾ അതു പ്രിയപ്പെട്ടവരുടെ മാത്രമല്ല, നാടിന്റെതന്നെ ഹൃദയവിലാപമായി. ജീവിക്കാനായി ഒരുപാടു സ്വപ്നങ്ങളുമായി നാടുവിട്ടവർ മരണപേടകത്തിൽ തിരികെവരുന്നത് ഉറ്റവർക്ക് എങ്ങനെയാണു സഹിക്കാനാവുക?

പതിറ്റാണ്ടുകളായി പ്രവാസികളായവർമുതൽ കുവൈറ്റിലെത്തിയിട്ട് ഒരാഴ്ചപോലുമാകാത്തവർവരെ ദുരന്തത്തിനിരയായതു സങ്കടം ഇരട്ടിപ്പിക്കുന്നതായി. തൊഴിലാളികൾ താമസിച്ചിരുന്ന ഏഴുനിലക്കെട്ടിടത്തിന്റെ ഏറ്റവും താഴത്തെ നിലയിലെ സെക്യൂരിറ്റിറൂമിൽനിന്നു പടർന്ന തീയ്ക്കൊപ്പം മുകളിലേക്കു പുക പടർന്നത് ദുരന്തത്തിന്റെ ആഘാതം ഇരട്ടിപ്പിച്ചുവെന്നാണു മനസ്സിലാവുന്നത്. ദുരന്തം പുലർച്ചേയായിരുന്നതിനാൽ ഉറങ്ങിക്കിടന്നവർ പലരും ശ്വാസംകിട്ടാതെ പിടഞ്ഞുമരിച്ചു എന്നു കരുതേണ്ടിയിരിക്കുന്നു. അപകടമറിഞ്ഞ് കെട്ടിടത്തിൽനിന്നു ചാടി രക്ഷപ്പെടാൻ ശ്രമിക്കവേ വീണു മരിച്ചവരുമുണ്ട്. സംഭവിക്കുന്നതെന്താണെന്നു മനസ്സിലാക്കാൻ പോലുമാകുംമുമ്പേ അവരിലേക്കു മരണമെത്തുകയായിരുന്നു.

ഇരുപത്തിമൂന്നു മൃതദേഹങ്ങളുമായി കുവൈറ്റിൽനിന്ന് ഇന്ത്യൻ വ്യോമസേനാവിമാനം കൊച്ചിയിലെത്തിയ വെള്ളിയാഴ്ച കേരളത്തിനു ദുഃഖവെള്ളിയായി, വിലാപദിനമായി. ആ പ്രിയപ്പെട്ടവർ ആശ്രയമായിരുന്ന എത്രയോ കുടുംബങ്ങളാണ് ആശയറ്റ നിലയിലായത്.

നാല്പത്തിനാലുകാരനായ ബിനോയ് തോമസ് ദുരന്തത്തിന് അഞ്ചുദിവസംമുമ്പുമാത്രമാണ് തൃശൂർ ചാവക്കാടുനിന്ന് കുവൈറ്റിലേക്കു പോയത്! രണ്ടരസെന്റിൽ കെട്ടിയ ഒറ്റമുറിവീടിന്റെ പണിപോലും പൂർത്തിയാക്കാനാകാത്തവിധം സാമ്പത്തികബാധ്യതയിലായിരുന്ന ആ ചെറുപ്പക്കാരൻ സ്വപ്നങ്ങൾ കരിഞ്ഞു പ്രതീക്ഷിച്ചതിനുംമുമ്പേ വീടെത്തിയത് ആ കൊച്ചുവീടിനെ വിലാപക്കടലിലാക്കി. സുഹൃത്തിന്റെ സഹായത്തോടെ കുവൈറ്റിലെ ഒരു സൂപ്പർമാർക്കറ്റിൽ പായ്ക്കറായി ജോലി നേടിയ ബിനോയ് ദുരന്തദിനത്തിലും പുലർച്ചെ രണ്ടുമണിവരെ ഭാര്യയുമായി ഓൺലൈനിൽ ചാറ്റ് ചെയ്തിരുന്നു. പിന്നീട് അദ്ദേഹത്തെക്കുറിച്ചു വിവരമുണ്ടായിരുന്നില്ല.

കൊല്ലം സ്വദേശിയായ ലൂക്കോസ്, മകൾ ലിഡിയയെ ബംഗളൂരുവിലെ കോളേജിലേക്കു കൊണ്ടുപോകുന്നതിന് നാട്ടിൽ വരാനിരിക്കുകയായിരുന്നു. ഒരു മാസംമുമ്പ് അവധി ലഭിക്കുമായിരുന്നെങ്കിലും മകൾക്കുവേണ്ടി അവധി നീട്ടിയെടുത്തതു മരണത്തിലേക്കായി.


▶10

# വായനയുണ്ടോ? എങ്കിൽ, നിങ്ങളൊരു യഥാർഥ മനുഷ്യനാണ്



**ഗവ. ചീഫ് വിപ്പും അധ്യാപകനും എഴുത്തുകാരനുമായ ഡോ. എൻ. ജയരാജ് എം.എൽ.എ. വായനവാരത്തിൽ ദീപനാളത്തോടു സംസാരിക്കുന്നു.**

അഭിമുഖം



സിജിത അനിൽ

**■ എഴുത്തുകാരനും അധ്യാപകനും ഒപ്പം, രാഷ്ട്രീയക്കാരനുമായ താങ്കൾക്ക് ഇത്തവണത്തെ വായനവാരത്തിൽ കുട്ടികൾക്കു നൽകാനുള്ള സന്ദേശമെന്താണ്?**

● എത്ര വിപുലമായ സാങ്കേതികവിദ്യാഭ്യാസം നൽകിയാലും വായനയിൽനിന്നു ലഭിക്കുന്നത് വിജ്ഞാനത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഒരു മനുഷ്യനെ യഥാർഥമനുഷ്യനാക്കി മാറ്റുന്നതിൽ വായനയ്ക്കു വലിയ പങ്കുണ്ട്. കാരണം, വായന ഉദാത്തമായ ഒരു പ്രക്രിയയാണ്. നമ്മുടെ എല്ലാ ചിന്തകളെയും പ്രവർത്തനങ്ങളെയും കാഴ്ചപ്പാടുകളെയും വായന വലിയതോതിൽ സ്വാധീനിക്കുന്നുണ്ട്. അക്ഷരസ്ഫുടതയോടെ സംസാരിക്കാൻ ശീലിക്കുന്നതിനായി ഉറക്കെ വായിക്കണം എന്നു ഞാൻ പറയാറുണ്ട്.

നമ്മുടെ ലൈബ്രറികളിൽ ഒരു ജന്മം മുഴുവൻ വായിച്ചാലും തീരാത്ത അറിവിന്റെ മഹാസാഗരമുണ്ട്. ഓരോ ദിവസവും ഓരോ പുസ്തകംവീതം വായിച്ചാൽപോലും ഒരാളുടെ ജീവിതകാലത്തു വായിച്ചുതീർക്കാൻ പറ്റുന്ന പുസ്തകങ്ങൾക്കു പരിമിതിയുണ്ട്. വായിക്കുന്തോറും മനുഷ്യൻ സംസ്കൃതചിത്തനായി മാറുന്നു. അവന്റെ കാഴ്ചപ്പാടുകളിലൂടെ, ആശയങ്ങളിലൂടെ പുതിയ ഒരു ലോകം കണ്ടെത്താൻ അവനു കഴിയും.

കുട്ടികളോട് എനിക്കു പറയാനുള്ളത്, മികച്ച വായനക്കാരായി മാറുക എന്നുള്ളതാണ്. ലോകത്തിലെ എഴുത്തുകാരും ചിന്തകരുമെല്ലാം ഒരുദിവസം വെറുതേ പൊട്ടിമുളച്ചവരല്ല. ദീർഘമായ വായനയിലൂടെ സ്വാംശീകരിച്ച അറിവിന്റെ ഒരു ചെറിയ അംശമാണ് അവർക്കു പുറത്തേക്കു നൽകാൻ കഴിയുന്നത്. എന്റെ അധ്യാപകനായിരുന്ന എം. കൃഷ്ണൻനായർ സാർ വായനയുടെ വിശാലമായ തലങ്ങൾ കീഴടക്കിയ ആളാണ്. ഞങ്ങളെ വായനയിലേക്ക് അടുപ്പിച്ചത് അദ്ദേഹമാണ്. ഈ കാര്യത്തിൽ കുട്ടികളെ മോട്ടിവേറ്റ് ചെയ്യാൻ യഥാർഥത്തിൽ അധ്യാപകർക്കാണു കഴിയുന്നത്. കുട്ടികളോടു വെറുതെ പറഞ്ഞിട്ടു കാര്യമില്ല. അധ്യാപകൻ വായിക്കുകയും കുട്ടികളെ വായിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. വായനയുടെ പുതിയ തലങ്ങൾ കണ്ടെത്താൻ അങ്ങനെ നമ്മുടെ കുട്ടികൾക്കു സാധിക്കും. നിലപാടുകളും സ്വന്തം കാഴ്ചപ്പാടുകളും രൂപപ്പെടുത്തുന്നതിൽ വായനയ്ക്കു വലിയ ഒരു പങ്കുണ്ട്.

**■ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വിദ്യാർഥികൾക്കായി രൂപീകരിച്ച 'പുറപ്പാട്' സമഗ്രവിദ്യാഭ്യാസപദ്ധതിയുടെയും സംസ്കൃതിയുടെയും സംഘാടകനായിരുന്നല്ലോ അങ്ങ്. ചീഫ് വിപ്പ് എന്ന നിലയിൽ, ഈ പദ്ധതി കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽമാത്രം ഒതുക്കാതെ മറ്റു മണ്ഡലങ്ങളിലേക്കും വ്യാപിപ്പിക്കാത്തത് എന്താണ്?**

● 'പുറപ്പാട് വിദ്യാഭ്യാസപദ്ധതി' എന്ന ആശയം പ്രഫ. രവീന്ദ്രനാഥ് വിദ്യാഭ്യാസമന്ത്രിയായിരുന്ന സമയത്ത് ആവിഷ്കരിച്ച ഒരു പദ്ധതിയുടെ ചുവടുപിടിച്ചുകൊണ്ട് ആരംഭിച്ചതാണ്. കേരളത്തിലെ ഓരോ നിയോജകമണ്ഡലത്തിലും ഈ പരിപാടി വ്യത്യസ്തമായ രീതികളിൽ നടക്കുന്നുണ്ട്. ഓരോ സ്ഥലത്തിന്റെയും പ്രത്യേകതകൾ മനസ്സിലാക്കി ആ പ്രദേശത്തെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കനുയോജ്യമായ പദ്ധതികളാണ് എല്ലാ സ്ഥലത്തും നടപ്പാക്കുന്നത്.

പുറപ്പാട് എന്ന ആശയം കൊണ്ട് യഥാർഥത്തിൽ വിദ്യാഭ്യാസത്തെ മാത്രമല്ല ലക്ഷ്യം വയ്ക്കുന്നത്. എല്ലാ രംഗത്തും കുട്ടികൾക്കു പ്രാവീണ്യമുണ്ടാക്കുകയാണു ലക്ഷ്യം. ഏറ്റവും പ്രധാനപ്പെട്ട കാര്യം ഭാഷാസ്നേഹികളായ ഒരു തലമുറയെ വളർത്തിയെടുക്കുക എന്നതാണ്.

അതുപോലെതന്നെ പ്രധാനമാണ് കുട്ടികളിൽ പരിസ്ഥിതിബോധം വളർത്തിയെടുക്കുക എന്നതും. അതിന്റെ ഭാഗമാണ് 'വാട്ടർ ആർമി' എന്ന പേരിൽ നമ്മുടെ പുഴകളെ സംരക്ഷിക്കാനുള്ള കുട്ടികളുടേതുമാത്രമായ സംവിധാനം. അതോടൊപ്പംതന്നെ കലാകായികരംഗങ്ങളിൽ കുട്ടികൾക്കു കൂടുതൽ മികവു നൽകാനുള്ള ശ്രമങ്ങളും നടത്തിവരുന്നു.

ഈ വർഷം എല്ലാ സ്കൂളുകളിലും ഏകദേശം മൂന്നു ലക്ഷം രൂപയുടെ പുസ്തകങ്ങൾ നമ്മൾ കൊടുക്കുന്നുണ്ട്. വായനയിൽ അവരുടെ മികവു മനസ്സിലാക്കി കൂടുതൽ പ്രോത്സാഹനം കൊടുക്കാനുള്ള ഒരു പരിപാടി നമ്മൾ നടപ്പാക്കുകയാണ്. ഇതോടൊപ്പം തന്നെയാണ് പഞ്ചായത്തുമായി സഹകരിച്ച് പെൺകുട്ടികൾക്കു കരാട്ടെപരിശീലനം നല്കിയിരുന്നത്. അതുകൂടാതെ, ഈ വർഷം എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ എ പ്ലസ് നേടിയ മുഴുവൻ കുട്ടികളെയും ആദരിക്കുന്ന പരിപാടി സംഘടിപ്പിച്ചു. കൂടാതെ, 'സൈലം' എന്ന പ്ലാറ്റ്ഫോമുമായി സഹകരിച്ചുകൊണ്ട് പ്ലസ് വൺ വിദ്യാർഥികളെ 'നീറ്റ്' ഉൾപ്പെടെയുള്ള പരീക്ഷകളെഴുതാൻ പ്രാപ്തരാക്കുന്ന ഒരു സൗജന്യപരിശീലനപദ്ധതിക്കു ധാരണയായിട്ടുണ്ട്. ഈ വർഷം തന്നെ നമ്മൾ അതാരംഭിക്കും. യുവജനങ്ങളുടെ റിസേർച്ച് ആറ്റിറ്റ്യൂഡ് അഥവാ സയന്റിഫിക് ആയിട്ടുള്ള ഒരു ആറ്റിറ്റ്യൂഡ് ഡെവലപ് ചെയ്യാനുള്ള സംവിധാനംകൂടി ഈ വർഷം നമ്മൾ രൂപപ്പെടുത്തുകയാണ്.

അടിസ്ഥാനസൗകര്യങ്ങളുടെ വികസനം സ്കൂളുകളിൽ എത്തിക്കുന്ന പദ്ധതിയുമുണ്ട്. ഉദാഹരണത്തിന്, സ്മാർട്ട് ക്ലാസ്മുറികൾ. കായികമേഖലയ്ക്കു പ്രാധാന്യം കൊടുത്തുകൊണ്ട് ഇപ്പോൾത്തന്നെ രണ്ടു കളിക്കളങ്ങൾ - ഒരു സ്പോർട്സ് സ്കൂളിന്റെയും മറ്റൊരു സ്കൂളിന്റെയും - സജ്ജമായിക്കഴിഞ്ഞു. വോളിബോളിനുവേണ്ടിയുള്ള രണ്ടു കോർട്ടുകൾ ഈവർഷം പൂർത്തിയാവുകയാണ്. 'പുറപ്പാടി'ന്റെ എല്ലാ പ്രവർത്തനങ്ങളും വിദ്യാർഥികളുടെ സമഗ്രമായ പ്രോത്സാഹനത്തിന്റെ ഒരു വേദിയാക്കി മാറ്റുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ദൗത്യം.

**■ എഴുത്തും വായനയും രാഷ്ട്രീയജീവിതത്തിൽ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട്?**

● എഴുത്തും വായനയും എന്നെ ഒരുപാടു സ്വാധീനിച്ചിട്ടുണ്ട്. ഒരു നല്ല സാമാജികൻ അല്ലെങ്കിൽ പൊതുപ്രവർത്തകൻ നല്ല വായനക്കാരൻകൂടിയായിരിക്കണം. കാരണം, ലോകത്തിലെ വിജ്ഞാനം വർധിച്ചുകൊണ്ടിരിക്കുകയാണ്; നമ്മൾ ഒരു കാര്യത്തിൽ ഇടപെടുമ്പോൾ ലോകത്തിലെ മാറ്റങ്ങൾ നമുക്കു വായനയിലൂടെയല്ലാതെ എങ്ങനെ മനസ്സിലാക്കാൻ കഴിയും? അതുകൊണ്ട്, നല്ല രാഷ്ട്രീയപ്രവർത്തനത്തിനു വായന ഒരു പ്രധാനപ്പെട്ട കാര്യമാണ്. കിട്ടുന്ന ഏത് അറിവും തീർച്ചയായും നമുക്കു പ്രയോജനപ്രദമാണ്. നമുക്കറിയാം, പൊളിറ്റിക്സ് എന്നു പറയുന്നത് ക്രിയേറ്റീവായ, പ്രാക്ടിക്കലായ ഒരു ക്രിയേഷനാണ്. പ്രാക്ടിക്കലായ ക്രിയേഷനു വായനയുടെ പിൻബലം വളരെ പ്രധാനമാണ്. രാഷ്ട്രീയത്തിൽ വായനയ്ക്കു വലിയ പങ്കുണ്ട്. രാഷ്ട്രീയപ്രവർത്തനം ഏതു രൂപത്തിലും നടത്താം. എന്നാൽ, വായിക്കുകയും പഠിക്കുകയും മനനം ചെയ്യുകയും അതിനെക്കുറിച്ചു ഗവേഷണം നടത്തുകയും അതിന്റെ ആധികാരികമായ കാര്യങ്ങൾ കണ്ടെത്തുകയും ചെയ്തുകൊണ്ടുള്ള പ്രവർത്തനമാകുമ്പോൾ ആ രാഷ്ട്രീയപ്രവർത്തനം കുറേക്കൂടി സർഗാത്മകമായി മാറുന്നു. അതുകൊണ്ടാണ് രാഷ്ട്രീയവും വായനയും അറിവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട് എന്നു ഞാൻ പറയുന്നത്.

**■ സാമാജികൻ സാക്ഷി എന്ന പുസ്തകം എഴുതാനുണ്ടായ സാഹചര്യം എന്താണ്?**

● 'സാമാജികൻ സാക്ഷി'യിൽ കഴിഞ്ഞ പത്തുപതിനെട്ടു വർഷക്കാലം പൊതുജീവിതത്തിലുണ്ടായ സംഭവങ്ങളെ വ്യക്തിപരമായല്ലാതെ ഞാൻ നോക്കിക്കാണുകയാണ്. ഒരാൾക്കു ലഭിക്കേണ്ടതായ അവസരങ്ങൾ പലതുകൊണ്ടും നഷ്ടപ്പെടുമ്പോൾ അവൻ അനുഭവിക്കുന്ന നിരാശയും സങ്കടങ്ങളും പ്രയാസങ്ങളുമൊക്കെ നേരിട്ടു കാണുന്നതിൽനിന്നുണ്ടായ അനുഭവങ്ങൾ.

പല കാര്യങ്ങളും - വികസനപ്രവർത്തനങ്ങളോ മറ്റുള്ളവയോ ആകട്ടെ - അനാവശ്യമായ നിയമക്കുരുക്കുകളിലും മറ്റുംപെട്ട് മനുഷ്യനു കിട്ടാതെ വരുന്നു. അപ്പോൾ അവരനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നേരിട്ടു കാണാനിടയായിട്ടുണ്ട്. അതുകൊണ്ടുതന്നെ ചില കാര്യങ്ങൾ വിമർശനബുദ്ധ്യാ കാണാനും കഴിഞ്ഞിട്ടുണ്ട്. ഇതാണ് 'സാമാജികൻ സാക്ഷി'യുടെ പ്രത്യേകത. ഒരുപാടു നിർദേശങ്ങൾ ഞാനിതിൽ അവതരിപ്പിച്ചിട്ടുണ്ട്.

*(ശേഷം 8-ാം പേജിൽ)*

# നാം ആരായിത്തീരണം?





ജോർജ് പുല്ലാട്ട്

1. ഡോക്ടർ ബെൻ കാഴ്സൺ പറഞ്ഞു: "കുട്ടിക്കാലത്തു പഠിക്കാൻ ഞാൻ ഒത്തിരി കഷ്ടപ്പെട്ടു. എങ്കിലും 1987 ൽ ഞാൻ ലോകത്തെ ഏറ്റവും മികച്ച ന്യൂറോ സർജൻ ആയിരുന്നു."

പാഠം: വിജയത്തിനരികെ എത്തിക്കഴിഞ്ഞിരിക്കുന്നു എന്നതിന്റെ അടയാളമാണ് കഷ്ടപ്പാട്. പിന്തിരിയരുത്.

2. ബിൽ ഗേറ്റ്സ് പറഞ്ഞു: "ഞാൻ ഡിഗ്രി പഠനം പൂർത്തിയാക്കിയില്ല. എങ്കിലും ഞാൻ ലോകത്തെ ഏറ്റവും വലിയ ധനികനായി."

പാഠം: സ്കൂൾ നിങ്ങളെ സമ്പന്നനാക്കില്ല. നിങ്ങളെ സമ്പന്നനാക്കാനുള്ളതൊക്കെ മിനുക്കുകയാണ് സ്കൂൾ ചെയ്യുന്നത്.

3. ക്രിസ്ത്യാനോ റൊണാൾഡോ പറഞ്ഞു: "ഒരിക്കൽ ഞാൻ അച്ഛനോടു പറഞ്ഞു, നമ്മൾ പണക്കാരാകുന്ന ഒരു കാലം വരും. പക്ഷേ, അച്ഛൻ വിശ്വസിച്ചില്ല. ഞാനതു യാഥാർഥ്യമാക്കി."

പാഠം: നിങ്ങളുടെ വാക്കുകളാണ് നിങ്ങളുടെ ജീവിതത്തെ ഭരിക്കുന്നത്. നിങ്ങൾ പറഞ്ഞത് യഥാർഥമാണെങ്കിൽ ഓരോ വാക്കും യാഥാർഥ്യമാകും.

4. ലയണൽ മെസ്സി പറഞ്ഞു: "എന്റെ ഫുട്ബോൾ പരിശീലനച്ചെലവുകൾക്കായി ഞാൻ ഒരു ചായക്കടയിൽ പണിയെടുത്തു. എങ്കിലും ഞാൻ ലോകത്തെ മികച്ച കളിക്കാരിലൊരാളായി."

പാഠം: നിങ്ങളുടെ സ്വപ്നങ്ങളിൽ വിശ്വസിക്കുക. നിങ്ങളുടെ ഭാവി എങ്ങനെയായിരിക്കുമെന്നു തീരുമാനിക്കാൻ നിങ്ങളുടെ കഷ്ടപ്പാടിനെ അനുവദിക്കരുത്.

5. സ്റ്റീവ് ജോബ്സ് പറഞ്ഞു: "ഭക്ഷണത്തിനുള്ള പണത്തിനുവേണ്ടി ഞാൻ കാലിക്കുപ്പികൾ വിറ്റിട്ടുണ്ട്. ആഴ്ചയിലൊരിക്കൽ ക്ഷേത്രത്തിൽനിന്നു കിട്ടുന്ന സൗജന്യഭക്ഷണം കഴിച്ചിട്ടുണ്ട്. പിന്നീടാണ് ഞാൻ ആപ്പിൾ കമ്പനി തുടങ്ങിയത്."

പാഠം: ഇന്ന് നിങ്ങൾ നിസ്സാരനാണെന്നുവച്ച് നാളെയും നിസ്സാരനായിരിക്കുമെന്നു വിചാരിക്കേണ്ട. ദൈവത്തിൽ വിശ്വസിച്ചു മുന്നേറുക.

6. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ടോണി ബ്ലയർ പറഞ്ഞു: "ഞാനൊരു മണ്ടനാണെന്ന് എന്റെ പ്രൈമറി സ്കൂൾ അധ്യാപകർ പറയുമായിരുന്നു. എങ്കിലും ഞാൻ ഈ രാജ്യത്തെ പ്രധാനമന്ത്രി ആയി."

പാഠം: നിങ്ങളെപ്പറ്റി മറ്റുള്ളവർക്കുള്ള മോശമായ അഭിപ്രായം നിങ്ങളെ സംബന്ധിച്ചു വാസ്തവമാകാൻ അനുവദിക്കരുത്.

7. നെൽസൺ മണ്ടേല പറഞ്ഞു: "ഇരുപത്തേഴു വർഷം ഞാൻ ജയിലിലായിരുന്നു. എന്നിട്ടും ഞാൻ രാജ്യത്തിന്റെ പ്രസിഡന്റായി."

പാഠം: നിങ്ങൾ എവിടെയായിരുന്നാലും, എന്തൊക്കെ അനുഭവിച്ചാലും എന്തായിത്തീരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അതുപോലെ സംഭവിക്കും.

8. കെഎഫ്സിയുടെ സ്ഥാപകൻ ഹാർലൻഡ് സാൻഡേഴ്സ് പറഞ്ഞു: "നേവിയിൽനിന്ന് ഒരു പാചകക്കാരനായി വിരമിച്ചശേഷം ആത്മഹത്യയുടെ വക്കിൽ നിൽക്കുമ്പോഴാണ് ഒരു റെസ്റ്റോറന്റ് തുടങ്ങുന്ന ആശയം എനിക്കു തോന്നിയത്."

പാഠം: തുടങ്ങാൻ വൈകിപ്പോയി എന്നതൊരു തടസ്സമല്ല. വൈകിപ്പോയി എന്നത് പരാജിതരുടെ ഭാഷയാണ്. ഏതു പ്രായത്തിലും നിങ്ങളുടെ ഭാവി തുടങ്ങാം. പ്രായം നിങ്ങളെ തടയാതിരിക്കട്ടെ.

9. അർനോൾഡ് ഷ്വർസ്നഗർ പറഞ്ഞു: "പതിനഞ്ചാം വയസ്സിൽ ഞാൻ അമേരിക്കയിലേക്കു പോന്നത് പണമുണ്ടാക്കാനായിരുന്നു. ഏഴുവട്ടം ഞാൻ മിസ്റ്റർ യൂണിവേഴ്സ് ആയി. ഹോളിവുഡ് നടനായി. കാലിഫോർണിയ സംസ്ഥാനത്തിന്റെ ഗവർണറായി.

പാഠം : നിങ്ങളുടെ കഴിവുകളിലും സ്വപ്നങ്ങളിലും എല്ലാവരും വിശ്വസിക്കാൻവേണ്ടി കാത്തുനിൽക്കരുത്.

10. മമ്മൂട്ടി പറഞ്ഞു: "ഒരു കാലത്ത് ആളുകൾ എന്നെ എന്തൊക്കെ പേരുകൾ വിളിച്ചു. അഹമ്മദ് കുട്ടി, മുഹമ്മദ് കുട്ടി, മാമ്മദുട്ടി, അയ്മു, സജിൻ.. ഒരുദിവസം ഒരുത്തൻ കളിയാക്കി വിളിച്ചു: "എടാ മമ്മൂട്ടി. പക്ഷേ, ആ പേരിലാണ് ലോകം ഇപ്പോഴെന്നെ അറിയുന്നത്."

പാഠം: പേരിലൊന്നുമല്ല കാര്യം. നാം എന്തായിരിക്കുന്നു എന്നതിലാണ്.

■

---

■ ജിൻസൺ ജോസഫ് മാണി മുകളേൽ CMF

# ഒരു റിയൽ സ്റ്റോറി

ജയിലിൽനിന്നു രക്ഷപ്പെട്ടോടുമ്പോഴും തിഹാലിനറിയാമായിരുന്നു, തീർച്ചയായും പിടിക്കപ്പെടുമെന്ന്. വീണ്ടും ജയിലിൽ എത്തുന്നതിനുമുമ്പ് ഇറങ്ങിയ ലക്ഷ്യം നിറവേറ്റണമെന്ന് അയാൾ നിശ്ചയിച്ചുറപ്പിച്ചിരുന്നു.

ജയിലിന്റെ വെളിയിലുള്ള ഓട വൃത്തിയാക്കാൻ പുറപ്പെട്ട മൂന്നു തടവുകാരിലൊരാളായിരുന്നു അയാൾ. ഓടയിലെ വേസ്റ്റെല്ലാം അവർ അല്പം അകലെയുള്ള കുഴിയിൽ കൊണ്ടുപോയി കളയണമായിരുന്നു. പല പ്രാവശ്യം ആ ജോലി അയാൾ ചെയ്തിട്ടുണ്ട്. ഒന്നും സംഭവിക്കില്ല എന്ന വിശ്വാസം പോലീസുകാർക്കും ഉണ്ടായിരുന്നു. എന്നാൽ, ആ കണക്കുകൂട്ടലുകൾ കാറ്റിൽപറത്തി ആ പോക്കിൽ തിഹാൽ രക്ഷപ്പെട്ടു. ഡ്യൂട്ടിക്കുവന്ന പൊലീസുകാർ അതു ശ്രദ്ധിച്ചതേയില്ല.

ഓട്ടം! അതിൽ തന്നെ തോല്പിക്കാൻ ആർക്കും സാധിക്കില്ല എന്ന വിശ്വാസം അവനുണ്ടായിരുന്നു. പക്ഷേ, മനസ്സിൽ ഒരു മല്പിടിത്തം നടക്കുകയായിരുന്നു. സ്നേഹിതയായ മൈമുനയെ ഒന്നു കാണണം. അതിനുമുമ്പു പിടിക്കപ്പെടരുത്. അവളെ വിളിച്ചാൽ പൊലീസ് പിടിക്കുമെന്നുറപ്പാണ്. പക്ഷേ, വിളിച്ചില്ലെങ്കിൽ പിന്നെ എങ്ങനെ കാണും?

അന്നദാനം നടക്കുന്ന ഒരു അമ്പലം കണ്ടു. അവിടെക്കയറി ഭക്ഷണം കഴിച്ചു. ഭക്ഷണം കഴിച്ചു എന്നതിനെക്കാളും വിഴുങ്ങി എന്നു പറയുന്നതായിരിക്കും ശരി. ഉടൻതന്നെ സോഷ്യൽമീഡിയായിൽ വാർത്ത വരുമെന്ന് അയാൾക്കറിയാമായിരുന്നു. അതുകൊണ്ട് മുന്നോട്ടുള്ള യാത്ര ദുഷ്കരമായിരിക്കും. പക്ഷേ, പ്രണയം തലയുടെ മീതേ പറക്കുമ്പോൾ അവിടെയെവിടെ ലോജിക്?

വഴിയിൽ കണ്ട ഒരു സ്കൂൾകുട്ടിയുടെ കൈയിൽനിന്നു മൊബൈൽ ഫോൺ വാങ്ങി അവളെ വിളിച്ചു. ആദ്യ റിങ്ങിനുതന്നെ മൈമുന എടുത്തു. 'എടീ... ഇതു ഞാനാണ് തിഹാൽ' എന്നു പറഞ്ഞപ്പോഴേ അപ്പുറത്തുനിന്ന് അവളുടെ ശകാരവർഷം ആരംഭിച്ചു.

'നിനക്കു വട്ടാണോ തിഹാൽ, അടുത്താഴ്ച പരോൾ കിട്ടുന്നതല്ലേ? ഇനി ജയിൽ ചാടിയതിന്റെ ശിക്ഷ വേറേ...'

'എടീ... ഞാൻ...നിന്നെയൊന്നു കാണാൻ...'

'ദേ... ഇത് എന്നെക്കൊണ്ട് ഒന്നും പറയിപ്പിക്കരുത്. വേഗം... തിരിച്ചുപോ!'



'ഞാൻ പോകാം.. നീയൊന്നു വീഡിയോ കോളിൽ വാ...'

'ന്റെ പൊന്നു പൊട്ടാ... ഇപ്പം ഇവിടെ പോലീസ് എത്തും. ആ എസ്.ഐ. എന്നെ വിളിച്ചുകഴിഞ്ഞു. എനിക്കിപ്പോൾ ജയിലിൽ കിടക്കാൻ ഒരു മനസ്സും ഇല്ല. നീ വച്ചിട്ടു പോ...'

ഇപ്പോൾ താൻ നിൽക്കുന്ന സ്ഥലമാണ് ശരിക്കുള്ള ജയിലെന്ന് അയാൾക്കു മനസ്സിലായി. ജീവിതം തുടങ്ങിയതു തെരുവിലായിരുന്നു. ആ തെരുവിൽനിന്ന് അനേകം തവണ ജയിലിൽ പോയി. ഒരു തവണ ഇറങ്ങിയപ്പോൾ പ്രണയത്തിലായി. ആ പ്രണയം ജയിൽചാട്ടത്തിലേക്കു നയിച്ചു. ഇപ്പോഴതാ, അതേ പ്രണയംതന്നെ തകർക്കുന്നതായി അയാൾക്കു തോന്നി.

എന്തായാലും പിടിക്കപ്പെടും. ശിക്ഷയുടെ ദൈർഘ്യവും കൂടും. അങ്ങനെയെങ്കിൽ അത് അവളെ കണ്ടിട്ടുതന്നെയാവട്ടെ എന്ന ചിന്തയിൽ അയാൾ ഒരു ലോറിക്കാരന്റെ ഫോണിൽനിന്ന് അവളെ വിളിച്ചിട്ടു പറഞ്ഞു:

'ഞാൻ പാലക്കാടിനു പോകുന്നു. അവിടെ ഒരു പാടത്തു പണി കിട്ടിയിട്ടുണ്ട്. ഒരു ലോറിയിലാണു പോകുന്നത്.' അത്രയും പറഞ്ഞ് അയാൾ ഫോൺ കട്ട് ചെയ്തു.

പിന്നെ അയാൾ അവളുടെ വീട്ടിലേക്കു തന്നെ തിരിച്ചു. ഒരു പ്രതീക്ഷയുമില്ലാത്തിടത്ത് പ്രതീക്ഷ സൃഷ്ടിക്കുന്ന ഒരാളായിരുന്നു അയാൾ.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



വാക്കിൽ പിഴയ്ക്കാത്തവൻ അനുഗൃഹീതൻ; അവനു പാപത്തെപ്രതി ദുഃഖിക്കേണ്ടി വരുകയില്ല.
പ്രഭാഷകൻ 14: 1

**എഡിറ്റോറിയൽ**

# സർക്കാർ കൈയിട്ടുവാരുന്നത് കുട്ടികളുടെ പോക്കറ്റിലുമോ?

പൊതുവിദ്യാഭ്യാസം കാര്യക്ഷമമാക്കണമെന്നു തുടരെത്തുടരെ പറഞ്ഞുകൊണ്ടിരിക്കുന്ന സംസ്ഥാനസർക്കാർ എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിൽ കാണിക്കുന്ന ഉദാസീനതയും ഉത്തരവാദിത്വമില്ലായ്മയും അക്ഷന്തവ്യമായ അപരാധമാണെന്നു പറയാതെ വയ്യ. കഴിഞ്ഞ ഫെബ്രുവരി 28 ന് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുപരീക്ഷകൾ നടന്ന വേളയിലെങ്കിലും മുൻവർഷങ്ങളിൽ സ്കോളർഷിപ്പനർഹരായവർക്ക് അതു ലഭിക്കുമെന്നു കുട്ടികളും രക്ഷിതാക്കളും വെറുതെ ആശിച്ചുപോയി! കഴിഞ്ഞ അഞ്ചു വർഷമായി ഒരു ലക്ഷത്തിലേറെ കുട്ടികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 37 കോടിയോളം രൂപ സർക്കാർ നല്കാനുണ്ട് എന്ന പച്ചപ്പരമാർഥം ഏറെ സങ്കടകരവും ലജ്ജാകരവുമാണ്. കുട്ടികളുടെ പഠനനിലവാരമുയർത്താൻ പ്രചോദകശക്തിയാകേണ്ട സർക്കാരാണ് അവരുടെ 'കലത്തിൽ കൈയിട്ടുവാരി' അവർക്കർഹമായതു പിടിച്ചുവച്ചിരിക്കുന്നതെന്നോർക്കണം!

പാഠപുസ്തകത്തിനപ്പുറം പരന്ന വായനയിലൂടെയും മറ്റും പൊതുവിജ്ഞാനം ആർജിക്കുന്നതിനു പൊതുവിദ്യാലയങ്ങളിലെ കുട്ടികളെ പ്രോത്സാഹിപ്പിക്കാനാണ് സ്കോളർഷിപ്പുപരീക്ഷകൾ ആവിഷ്കരിച്ചത്. ഓരോ വർഷവും സ്കോളർഷിപ്പുപരീക്ഷ എഴുതുന്ന ലക്ഷക്കണക്കിനു കുട്ടികളിൽ ഒരു വർഷം ശരാശരി പതിനായിരത്തിലധികം പേർക്ക് എൽ.എസ്.എസ്. മാത്രം കിട്ടുന്നുണ്ട്. യു.എസ്.എസ്. കൂടി കണക്കിലെടുക്കുമ്പോൾ കുട്ടികളുടെ എണ്ണം കൂടും. നാലാം ക്ലാസിൽ പഠിക്കുന്ന കുട്ടി എൽ.എസ്.എസ്. പരീക്ഷയിൽ വിജയിയായാൽ 5, 6, 7 ക്ലാസുകളിൽ ആയിരം രൂപ പ്രതിവർഷം സ്കോളർഷിപ്പ് ലഭിക്കും. ഏഴാം ക്ലാസിൽ യു.എസ്.എസ്. പരീക്ഷ പാസാകുന്ന കുട്ടിക്ക് 8, 9, 10 ക്ലാസുകളിൽ 1500 രൂപയാണ് പ്രതിവർഷം ലഭിക്കുന്നത്. അപ്രകാരം, എൽ.എസ്.എസ്. നേടിയ കുട്ടിക്ക് 3000 രൂപയും യു.എസ്.എസ്. നേടിയയാൾക്ക് 4500 രൂപയും ലഭിക്കും. മിടുക്കരായ കുട്ടികൾക്ക് അഞ്ചാം ക്ലാസുമുതൽ പത്താം ക്ലാസുവരെ സ്കോളർഷിപ്പു നേടാൻ അവസരം ഒരുക്കുന്നതിലൂടെ അവരിലെ ക്രിയാത്മകതയും പഠനോത്സുകതയും വർധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. സ്കോളർഷിപ്പുതുക എത്രയായിക്കൊള്ളട്ടെ, അതു കൈയിൽ കിട്ടുമ്പോൾ ആ കുഞ്ഞുങ്ങൾക്കുണ്ടാകുന്ന ആനന്ദവും ആത്മാഭിമാനവും പറഞ്ഞറിയിക്കാനാവുന്നതാണോ? മാത്രമോ, സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ചുറ്റുപാടുകളിലുള്ളവർക്ക് ഇതൊരു കൈത്താങ്ങുമാണ് എന്നിരിക്കേയാണ്, തങ്ങൾക്ക് അർഹമായ സമ്മാനത്തുക കൈയെത്തിപ്പിടിക്കാൻവേണ്ടി കുട്ടികളും അവരുടെ രക്ഷിതാക്കളും വർഷങ്ങളോളം കാത്തിരിക്കേണ്ടി വരുന്നത്.

കഴിഞ്ഞ അഞ്ചുവർഷത്തെ സ്കോളർഷിപ്പുവിതരണത്തിൽ പ്രശ്നങ്ങളുണ്ടെന്ന് സർക്കാർതന്നെ തുറന്നുസമ്മതിക്കുന്നുണ്ട്. കഴിഞ്ഞ വർഷം മാർച്ചിലാണ് 31 കോടി രൂപ കുടിശ്ശികയുണ്ടെന്നും അത് ഉടൻ കൊടുത്തുതീർക്കുമെന്നും വിദ്യാഭ്യാസമന്ത്രി പറഞ്ഞത്. 2019-20 സാമ്പത്തിക വർഷംമുതൽ സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ വിവരങ്ങൾ രണ്ടു തവണ ശേഖരിച്ചെങ്കിലും കണക്കുകൾക്കു വ്യക്തതയും കൃത്യതയുമില്ല എന്നാണു കണ്ടെത്തിയിരിക്കുന്നത്. അർഹതയില്ലാത്ത കുട്ടികളുടെ പേരുവിവരം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വിദ്യാഭ്യാസവകുപ്പ് ആക്ഷേപമുന്നയിക്കുന്നു. 2019-20 മുതലുള്ള വിവരങ്ങൾ പരീക്ഷാഭവൻ വികസിപ്പിച്ച പോർട്ടൽ മുഖാന്തരം ജൂൺ 18 നകം അതതു സ്കൂളുകൾ നേരിട്ടു നല്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിനിടയിൽ, 2017 ലും 2018 ലും പരീക്ഷ ജയിച്ചവർക്കും തുക പൂർണമായി കൊടുത്തിട്ടില്ലെന്നു പരാതിയുണ്ട്. അതും സൂക്ഷ്മമായി പരിശോധിക്കേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസഡയറക്ടറേറ്റും ജില്ല, ഉപജില്ല വിദ്യാഭ്യാസ ഓഫീസുകളും മതിയായ ഉദ്യോഗസ്ഥരും സംസ്ഥാനത്ത് ഉണ്ടായിരിക്കേ, അവിടെയൊന്നും സ്കോളർഷിപ്പുസംബന്ധമായ കണക്കുകളും രേഖകളുമൊന്നുമില്ലെന്നു വിദ്യാഭ്യാസവകുപ്പു പറയുമ്പോൾ, ഒരന്വേഷണമെങ്കിലും നടത്താനുള്ള മിനിമംമര്യാദയും ആത്മാർഥതയും ബന്ധപ്പെട്ട വകുപ്പുമന്ത്രിക്കുണ്ടാവുമോ എന്നതാണ് ജനത്തിനു ചോദിക്കാനുള്ളത്. മിടുക്കരായ നമ്മുടെ കൊച്ചുകുട്ടികൾക്കു പ്രചോദനവും ആവേശവും പകരേണ്ട പൊതുവിദ്യാഭ്യാസവകുപ്പ് അക്ഷന്തവ്യമായ കൃത്യവിലോപം കാട്ടി പൊതുസമൂഹത്തിന്റെ മുമ്പിൽ അപഹാസ്യരായിരിക്കുന്നതു സർക്കാർ കണ്ണുതുറന്നു കാണേണ്ടതാണ്. വിദ്യാഭ്യാസവകുപ്പും ഉദ്യോഗസ്ഥവൃന്ദവും നിരുത്തരവാദിത്വത്തിന്റെ നെറുകയിൽ കയറിയിരിക്കുന്നതു കണ്ടു സഹികെട്ട് നമ്മുടെ മലയാളിക്കുട്ടികൾ മറുനാടുകളിലേക്കു കൂട്ടപ്പലായനം നടത്തുന്നതിന് നാം ആരെയാണു പഴിക്കേണ്ടത് എന്നതു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

സംസ്ഥാനം ദിനംപ്രതി കടംകേറി മുടിഞ്ഞുകൊണ്ടിരിക്കുമ്പോൾ, സാമ്പത്തിക അച്ചടക്കവും കൃത്യമായ ഓഡിറ്റിങ്ങും നിർബന്ധമായുണ്ടാകണം. ശരിയായ രേഖകളും കണക്കുകളുമില്ലെന്നു പറയുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. സർക്കാർ സംവിധാനങ്ങളിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നു നിസ്സംഗതയും നിരുത്തരവാദിത്വവുമുണ്ടായാൽ ബന്ധപ്പെട്ട മേലധികാരികൾ താമസംവിനാ നടപടിയെടുക്കാൻ ഇച്ഛാശക്തി കാണിക്കണം. പൊതുഖജനാവ് കാലിയായിക്കൊണ്ടിരിക്കേ, വകതിരിവില്ലാതെ സമ്പത്തു ചെലവഴിക്കുന്നതും കുട്ടികൾക്കർഹമായ സ്കോളർഷിപ്പുതുകകൾ പിടിച്ചുവച്ചിരിക്കുന്നതും മാപ്പർഹിക്കാത്ത കുറ്റമാണെന്നു പറയേണ്ടിയിരിക്കുന്നു.

# മിഷനറിമഹാസംഗമം പ്രവിത്താനത്ത് 2025 മേയ് പത്തിന്

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയാഘോഷത്തിന്റെ ഭാഗമായി 2025 മേയ് 10 ശനിയാഴ്ച രാവിലെ 9.30 ന് പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ഫൊറോന ദൈവാലയങ്കണത്തിൽവച്ച് പാലാ രൂപതയിലും രൂപതയിൽനിന്നു ലോകത്തിലെ വിവിധ രാജ്യങ്ങളിലുമായി സേവനം ചെയ്യുന്ന മുഴുവൻ സന്ന്യസ്തരെയും വൈദികരെയും മിഷനറിമാരെയും പങ്കെടുപ്പിച്ചുകൊണ്ട് മിഷനറിമഹാസംഗമം നടത്തുന്നു. സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, കർദിനാൾ മാർ ജോർജ് ആലഞ്ചേരി, വിവിധ സഭാമേലധ്യക്ഷന്മാർ, രൂപതയിൽനിന്നുള്ള അഭിവന്ദ്യപിതാക്കന്മാർ തുടങ്ങിയവർ ഈ മഹാസംഗമത്തിൽ പങ്കെടുക്കുന്നതാണ്. രൂപതയിൽനിന്നുള്ള മുഴുവൻ സന്ന്യസ്തരെയും വൈദികരെയും മിഷനറിമാരെയും ഇതിൽ പങ്കെടുപ്പിക്കുന്നതിനായി വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ യോഗപ്രതിനിധികളും കൂട്ടായ്മാഭാരവാഹികളും മിഷനറിമാരുടെ കുടുംബാംഗങ്ങളുമടങ്ങിയ കമ്മിറ്റി ഓരോ ഇടവകയിലും പ്രവർത്തിച്ചുവരുന്നു.

ഓരോ ഇടവകയിലെയും യോഗപ്രതിനിധികൾ, കൂട്ടായ്മാഭാരവാഹികളുടെ സഹകരണത്തോടെ തങ്ങളുടെ വാർഡുകളിലെ ഭവനങ്ങളിൽനിന്ന് പാലാ രൂപതയുടെ വെളിയിൽ ശുശ്രൂഷ ചെയ്യുന്ന സമർപ്പിതരായ മിഷനറിവൈദികരുടെയും സന്ന്യാസിനിമാരുടെയും പേര്, മേൽവിലാസം, കോൺഗ്രിഗേഷൻ, മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ 2024 ജൂൺ 30 നു മുമ്പ് വികാരിയച്ചന്മാരെ ഏല്പിക്കേണ്ടതാണ്.

ഓരോ ഇടവകയിൽനിന്നും ലഭിക്കുന്ന മിഷനറിമാരുടെ പേരും മറ്റു വിവരങ്ങളും ജൂലൈ രണ്ടിനു മുമ്പ് വികാരിയച്ചന്മാർ ഫൊറോനാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതും പ്രസ്തുത ലിസ്റ്റ് ജൂലൈ നാലിനു മുമ്പ് ഷലോമിലെ ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസിൽ ഏല്പിക്കേണ്ടതുമാണ്. രൂപതയിൽനിന്നുള്ള വ്യക്തിപരമായ ക്ഷണക്കത്ത് എല്ലാ മിഷനറിമാർക്കും ജൂലൈ അവസാനത്തോടുകൂടി അയയ്ക്കുന്നതാണ്.

1950 ജൂലൈ 25 ന് സ്ഥാപിതമായ പാലാ രൂപത ഇക്കാലയളവിൽ തികച്ചും അഭിമാനകരമായ വളർച്ചയാണു കൈവരിച്ചിട്ടുള്ളത്. അജപാലനം, വിശ്വാസപരിശീലനം, മിഷൻപ്രവർത്തനങ്ങൾ, കൗദാശികജീവിതം, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, കാരുണ്യപ്രവർത്തനങ്ങൾ, സാമൂഹികപ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ മേഖലകളിൽ രൂപത കൈവരിച്ചിരിക്കുന്ന നേട്ടങ്ങൾ അനന്യമാണ്.

പാലാ രൂപത വിശുദ്ധരുടെയും ദൈവവിളിയുടെയും വിളനിലമാണ്. വി. അൽഫോൻസാമ്മയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചനും ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചനും ദൈവദാസന്മാരായ കാവുകാട്ടുപിതാവും ബ്രൂണോ അച്ചനും കൊളോത്തമ്മയും ഫാ. ആർമണ്ട് മാധവത്തും ഈ പുണ്യഭൂമിയിൽ ആത്മീയതയുടെ സുഗന്ധം പരത്തുന്നു. 30 വൈദികമേലധ്യക്ഷന്മാർക്കു ജന്മം നൽകിയതും സമൃദ്ധമായ ദൈവവിളിയാൽ അനുഗൃഹീതവുമായ പാലാ രൂപതയിൽ പന്തീരായിരത്തിലേറെ സന്ന്യാസിനിമാരും രണ്ടായിരത്തി എഴുന്നൂറിലേറെ വൈദികരും സന്ന്യാസസഹോദരന്മാരുമുണ്ട്. ഇവരിൽ ആറായിരത്തി ഇരുന്നൂറിൽപ്പരം സമർപ്പിതർ ലോകത്തിന്റെ വിവിധ ഭൂഖണ്ഡങ്ങളിലെ നൂറിൽപ്പരം രാജ്യങ്ങളിൽ മിഷൻപ്രവർത്തനം നടത്തുന്നവരാണ്.



*ഇൻഫാം കിസാൻ ജെംസ് എക്സലൻസ് അവാർഡ് 2024 കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്യുന്നു. ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ, ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ, സംസ്ഥാന ഡയറക്ടർ ഫാ. ജോസഫ് മോനിപ്പള്ളിൽ, കാഞ്ഞിരപ്പള്ളി കാർഷികജില്ല പ്രസിഡന്റ് അഡ്വ. ഏബ്രഹാം മാത്യു പന്തിരുവേലിൽ തുടങ്ങിയവർ സമീപം.*



*കെസിഎസ്എൽ സംസ്ഥാന ആനിമേറ്റേഴ്സ് സംഗമവും അവാർഡുദാനസമ്മേളനവും എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി സെന്ററിൽ വരാപ്പുഴ നിയുക്തസഹായമെത്രാൻ റൈറ്റ് റവ. ഡോ. ആന്റണി വാലുങ്കൽ ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, പ്രസിഡന്റ് ബേബി തദേവൂസ് ക്രൂസ്, ജന. ഓർഗനൈസർ മനോജ് ചാക്കോ, അവാർഡുജേതാവ് സോയി കളമ്പാട്ട്, ചെയർമാൻ ജെഫിൻ ജോജോ, എക്സിക്യൂട്ടീവ് അംഗങ്ങളായ ജയ്മോൻ അയ്യനേത്ത്, മെറിൻ മരിയ സാബു എന്നിവർ സമീപം.*

# വായനയുണ്ടോ? എങ്കിൽ....

(2-ാം പേജ് തുടർച്ച)

നമ്മുടെ വികസനപ്രവർത്തനങ്ങൾ എങ്ങനെ കുറേക്കൂടി ഭംഗിയാക്കാം, ഊർജസ്വലമാക്കാം, ക്രിയാത്മകമാക്കാം എന്ന ചിന്തയുടെ വെളിച്ചത്തിൽനിന്നുള്ള ഒരു കുറിപ്പാണിത്. ചില നന്മകൾ സമൂഹത്തിൽനിന്ന് അപ്രത്യക്ഷമാകുമ്പോൾ അവയ്ക്കുനേരേ കണ്ണടച്ചുനില്ക്കാൻ എല്ലായ്പ്പോഴും നമുക്കു കഴിയാറില്ല.

ആ ഒരു ദുഃഖമാണു പലപ്പോഴും പങ്കുവയ്ക്കപ്പെടുക. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിലും ചില യാഥാർഥ്യങ്ങളുടെ നേർക്കാഴ്ചകൾ സമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കാൻ നമുക്കു കഴിയും. അങ്ങനെയുള്ള എന്റെ ചില ബോധ്യങ്ങളുടെ കുറിപ്പുകളാണ് സാമാജികൻ സാക്ഷി എന്ന പുസ്തകം.

**■ പബ്ലിക് ഫിനാൻസിൽ ഡോക്ടറേറ്റ് നേടിയ, എൻഎസ്എസ് കോളജുകളിൽ ഇക്കണോമിക്സ് അധ്യാപകനായിരുന്ന താങ്കളെ രാഷ്ട്രീയത്തിലേക്കു വരാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തായിരുന്നു?**

● എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട തൊഴിലായിരുന്നു അധ്യാപനം. വളരെ അവിചാരിതമായി രാഷ്ട്രീയത്തിലേക്കു വന്നയാളാണു ഞാൻ. മാണിസാർ ആവശ്യപ്പെട്ടതനുസരിച്ച് ജില്ലാ പഞ്ചായത്തിലേക്കു മത്സരിച്ചു. മനസ്സില്ലാമനസ്സോടെയാണ് ഞാനതിനു തയ്യാറായത്. രാഷ്ട്രീയജീവിതത്തിലെ എല്ലാ നന്മതിന്മകളും നേരിട്ടിട്ടുള്ള ഒരാളാണു ഞാൻ. പിതാവ് ഒരു രാഷ്ട്രീയപ്രവർത്തകനായിരുന്നതുകൊണ്ടുതന്നെ എനിക്ക് ഇതിനെക്കുറിച്ച് നല്ല ധാരണയുണ്ടായിരുന്നു. സാമ്പത്തികമായി വളരെ ഞെരുക്കം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഒരുപാട് ഭൂസ്വത്തുക്കൾ നഷ്ടപ്പെട്ടുപോയിട്ടുണ്ട്. അതുകൊണ്ടുതന്നെ, ഞാനിതിനോട് അല്പം അകലംപാലിക്കാൻ ശ്രമിച്ചിരുന്നു. രാഷ്ട്രീയപ്രവർത്തനം പണമുണ്ടാക്കാനുള്ള ഒരു മാർഗമായി കാണാൻ ഞാൻ ആഗ്രഹിച്ചില്ല. മറ്റുള്ള ആളുകൾക്ക് അവസരമുണ്ടാകട്ടെ എന്നും കരുതി. പക്ഷേ, മാണിസാറിന്റെ നിർദേശത്തെ അവഗണിക്കാൻ കഴിഞ്ഞില്ല. അങ്ങനെയാണ് ഞാൻ രാഷ്ട്രീയരംഗത്തേക്കിറങ്ങാൻ തീരുമാനിച്ചത്.

ആളുകൾക്കു പ്രയോജനമുണ്ടാകുന്ന കുറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നാണു ഞാൻ വിശ്വസിക്കുന്നത്. അത് ദൈവാനുഗ്രഹമായി ഞാൻ കരുതുന്നു. ജനങ്ങളിൽ വിശ്വാസമുണ്ടാക്കിയെടുക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ദൈവാനുഗ്രഹം കൊണ്ട് അത് ഒരു പരിധിവരെയെങ്കിലും എനിക്കു സാധിച്ചിട്ടുണ്ട്. എപ്പോഴും നിഷ്പക്ഷനായിരിക്കാനും നീതിപൂർവം പ്രവർത്തിക്കാനും പരമാവധി ശ്രമിച്ചിട്ടുണ്ട്. എനിക്ക് ഏറ്റവും ശരിയെന്നുതോന്നുന്ന കാര്യങ്ങൾ ചെയ്യാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഇനിയും അങ്ങനെതന്നെ ആയിരിക്കുകയും ചെയ്യും.

**■ തിരക്കുപിടിച്ച ഒട്ടേറെ രാഷ്ട്രീയോത്തരവാദിത്വങ്ങൾക്കിടയിലും കവിതകൾ എഴുതാനും വായിച്ചാസ്വദിക്കാനും അങ്ങു സമയം കണ്ടെത്തുന്നുണ്ട്. ഒരു നല്ല വായനക്കാരനും കവിയും എന്ന നിലയിൽ സമകാലിക കവിതകളെക്കുറിച്ച് എന്താണ് താങ്കളുടെ അഭിപ്രായം?**

● കാലത്തിന്റെ മാറ്റം കവിതകളിലും കാണുന്നുണ്ട്. ലോകത്തെമ്പാടുമുള്ള സാഹിത്യത്തിന്റെ മാറ്റങ്ങൾ ഏറ്റവും പെട്ടെന്ന് അനുഭവിക്കുന്നതും സ്വാംശീകരിക്കുന്നതും മലയാളകവിതയിലാണ്.

സച്ചിദാനന്ദൻ ഉൾപ്പെടെയുള്ള കവികൾ ധാരാളം വിദേശകവിതകൾ മലയാളത്തിനു പരിചയപ്പെടുത്തിയിട്ടുണ്ട്. കവിതയ്ക്കു ഭാഷ പ്രശ്നമല്ല. കവിത ഒരു ആശയമാണ്. ഏതു കാലത്തെയും മനുഷ്യർ അവരുടെ വേദനകളും പ്രയാസങ്ങളും കവിതയിലൂടെ ആവിഷ്കരിച്ചിട്ടുണ്ട്. മനുഷ്യന്റെ ആത്മനൊമ്പരങ്ങൾ, അവന്റെ സങ്കല്പങ്ങൾ, പ്രതീക്ഷകൾ എല്ലാം കവിതയിൽ വന്നിട്ടുണ്ട്. കവിതയും മറ്റെല്ലാംപോലെ കാലത്തിനനുസൃതമായ മാറ്റങ്ങൾക്കു വിധേയമാണ്. അതുകൊണ്ടുതന്നെ, മുൻകാലങ്ങളിലെ കവിതകൾപോലെ വൃത്തനിബന്ധനയൊന്നും ഇന്നത്തെ കവിതകളിലുണ്ടാകണമെന്നു നിർബന്ധമില്ല. പക്ഷേ, ചെറിയ വാക്കുകളിലൂടെ വലിയ ആശയങ്ങൾ ആവിഷ്കരിക്കാൻ കവിതയ്ക്കു കഴിയാറുമുണ്ട്.

എല്ലാവർക്കും കവിതയെഴുതാൻ കഴിയാറില്ല. കവിതയെഴുതാൻ കഴിയാത്ത പലരും കവിതയെഴുതാൻ സാഹസികമായി ശ്രമിക്കുന്നതു കാണുമ്പോൾ ചിലപ്പോൾ ദുഃഖം തോന്നാറുണ്ട്. എന്നാൽ നന്നായി കവിതയെഴുതുന്ന ഒരുപാടു കവികൾ ഇന്നുണ്ട്. നല്ല ഭാഷയിൽ, നല്ല ആവിഷ്കാരഭംഗിയിൽ, ആശയശുദ്ധിയിൽ കവിതയെഴുതുന്ന പുതുതലമുറക്കവികളുടെ ഒരു നിരതന്നെ നമുക്കുണ്ട്.

അതുകൊണ്ട്, ആധുനികമോ അത്യന്താധുനികമോ എന്നുപറഞ്ഞ് കവിതയെ പല രീതിയിൽ മാറ്റിനിർത്തേണ്ട കാര്യമൊന്നുമില്ല. ഓരോ കാലഘട്ടത്തിന്റെയും സ്വരൂപങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട് ആ കാലഘട്ടത്തിന്റെ ദർശനങ്ങളെയാണ് കവികൾ ആവിഷ്കരിക്കുന്നത്.


കാളിദാസൻ മേഘസന്ദേശമെഴുതിയത് കാല്പനികതയുടെ അസാധാരണമായ ഒരു പുതിയ കാലഘട്ടത്തെ വിളംബരം ചെയ്തുകൊണ്ടാണ്. അത്തരമൊരു കൃതി ഇന്ന് എഴുതാൻ സാധിക്കില്ല. ഒ.എൻ.വി. സാറൊക്കെ അവരുടെ കാലഘട്ടത്തിന്റെ പ്രത്യേകതകളെക്കുറിച്ചാണ് എഴുതിയത്. കാലാതിവർത്തിയായ ആശയങ്ങൾ ഉൾക്കൊള്ളുന്ന കവിതകളുണ്ട്.

അംബ പേരാറേ, നീ മാറിപ്പോമോ

ആകുലയാമൊരഴുക്കു ചാലായ്!

എന്ന് ഇടശ്ശേരി ചോദിച്ചത് എത്രയോ വർഷങ്ങൾക്കു മുമ്പാണ്. ദാർശനികനായ ഒരു കവിയെ ഇവിടെ കാണാം. കവികൾ പ്രവാചകന്മാരെപ്പോലെ സംസാരിക്കുന്നു. ഭൂമിയും ഭൂമിക്കൊരു ചരമഗീതവും ഒ.എൻ.വി. കുറുപ്പ് ഇരുപതു വർഷത്തിനിടയ്ക്ക് എഴുതിയ കവിതകളാണ്. ഈ ചുരുങ്ങിയ കാലത്തിനിടയിൽ പ്രകൃതിക്കുണ്ടായ മാറ്റങ്ങൾ അദ്ദേഹം വേദനയോടെ കുറിക്കുന്നു.

വ്യക്തികേന്ദ്രീകൃതമായ പഴയകാലകവിതകളിൽനിന്ന് ഒരുപാടു മാറ്റം വന്നിട്ടുണ്ട്. പുതിയ കവിതയിൽ പുതിയ ആവിഷ്കാരത്തിന്റെ ശൈലികളാണ്. പുതിയ ജീവിതത്തിന്റെ സംത്രാസങ്ങളും പ്രതിസന്ധികളും സാഹചര്യങ്ങളുമൊക്കെയാണ് പുതുകവിതകളിൽ കടന്നുവരുന്നത്.



**■ സാഹിത്യവും സമൂഹവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടല്ലോ. അതിലേക്ക് രാഷ്ട്രീയം കലരുമ്പോൾ എഴുത്തിന്റെ ശൈലിയും എഴുത്തുകാരന്റെ സ്വാതന്ത്ര്യവും നഷ്ടപ്പെടുന്നതായി തോന്നിയിട്ടുണ്ടോ?**

● എഴുത്തുകാരന്റെ സ്വാതന്ത്ര്യം എന്നുപറയുന്നത് ഒരു ക്ലീഷേ ആയിട്ടാണ് എനിക്കു തോന്നുന്നത്. നമുക്ക് എന്തും എഴുതാനുള്ള സ്വാതന്ത്ര്യമുണ്ട്. നമ്മൾ എഴുതുന്നത് നമുക്കു വേണ്ടിയും സമൂഹത്തിനുവേണ്ടിയുമാണ്. എല്ലാവരുടെയും കൃതികൾ എല്ലാവരും ഉൾക്കൊള്ളണമെന്നില്ല. ലോകത്തിൽ എഴുതപ്പെട്ട മുഴുവൻ പുസ്തകങ്ങളും നമുക്കു വായിക്കാൻ പറ്റില്ലല്ലോ. നമുക്ക് ആവശ്യമുള്ളതും താത്പര്യമുള്ളതുംമാത്രമാണ് നാം വായിക്കുന്നത്.

ആവിഷ്കാരസ്വാതന്ത്ര്യം അതിരുകടക്കുമ്പോൾ അത് വ്യക്തിഹത്യയിലേക്കും സാമൂഹിക-വംശീയഹത്യയിലേക്കും എത്തിച്ചേർന്നേക്കാം. അതു നല്ലതല്ല. എഴുത്ത് സൃഷ്ടിപരമായ ഒരു പ്രവൃത്തിയാണ്. അത് സർഗാത്മകമായിരിക്കണം. ആ സർഗാത്മകത എഴുതുന്നവർക്കും വായിക്കുന്നവർക്കും സമൂഹത്തിനും പ്രയോജനപ്രദമാകണം. പുസ്തകം അച്ചടിക്കുന്നതും വില്ക്കുന്നതും മാത്രമായിരിക്കരുത് എഴുത്തുകാരുടെ ലക്ഷ്യം.

ലോകത്തിലുണ്ടായിട്ടുള്ള മാറ്റങ്ങൾക്കെല്ലാം എഴുത്തിനും സാഹിത്യത്തിനും വലിയ പങ്കുണ്ടായിരുന്നു. പുസ്തകങ്ങൾ പുതിയ ദർശനങ്ങളും ആശയങ്ങളും സമൂഹത്തിനു പകർന്നുനല്കണം. എഴുത്തിന്റെ ദാർശനികത വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മനുഷ്യമനസ്സിന്റെ വേദനകളും സങ്കടങ്ങളും സന്തോഷങ്ങളും എങ്ങനെയാണ് എഴുത്തുകാരൻ കണ്ടതെന്നും മനസ്സിലാക്കിയതെന്നുമാണ് അയാൾ തന്റെ കൃതികളിലൂടെ വെളിവാക്കുന്നത്. അതുകൊണ്ടുതന്നെ, അയാൾക്ക് സമൂഹത്തോട് ഉത്തരവാദിത്വമുണ്ട്. നന്മയുടെ ഒരു ദാർശനികതയായിരിക്കണം അയാൾ പകർന്നുനല്കേണ്ടത്. നിയമത്തിന്റെ കുരുക്കുകളോ അധികാരത്തിന്റെ വാളുകളോ ഉപയോഗിച്ച് എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തെ മുറിക്കാൻ കഴിയില്ല. എഴുത്തുകാരന്റെ സ്വാതന്ത്ര്യം എവിടെ വരെയാണ് എന്നു തീരുമാനിക്കുന്നത് എഴുത്തുകാരനല്ല, വായനാസമൂഹമാണ്. ആ പരിധി അയാൾ ലംഘിക്കുമ്പോഴാണ് പ്രശ്നങ്ങളുണ്ടാകുന്നത്. ഒരു എഴുത്തുകാരൻ അവന്റെ ഇടം സ്വയം കണ്ടെത്താൻ ശ്രമിക്കുക. അവിടെയാണ് അയാൾക്ക് കൂടുതൽ ക്രിയാത്മകമായി എഴുതാൻ സാധിക്കുന്നത്. അപ്രകാരം എഴുതപ്പെടുന്ന കൃതികൾ കാലത്തെ അതിജീവിക്കും.

■

## വീട്ടാക്കടം

നുറുങ്ങുകഥ
ഉണ്ണി വാരിയത്ത്

വീറോടെ അയാൾ പറഞ്ഞു:

'ജീവിതത്തിൽ ഇന്നേവരെ ഞാൻ ആരിൽനിന്നും കടം വാങ്ങിയിട്ടില്ല. അതുകൊണ്ട്, എന്നോടു കണക്കു പറയാൻ ആർക്കുമാവില്ല. ഒരു വീട്ടാക്കടവും കണ്ടെത്താനുമാവില്ല...

വൃദ്ധസദനത്തിലേക്ക് അമ്മയെയും അച്ഛനെയും തള്ളിവിട്ട അയാൾ പേറ്റുനോവിന്റെ കടവും പോറ്റിവളർത്തിയതിന്റെ കടവും മറന്നുപോയെന്നോ! ഇജ്ജന്മം കൊണ്ടും പുനർജ്ജന്മംകൊണ്ടും എത്ര ജന്മംകൊണ്ടും വീട്ടാക്കടമാണല്ലോ അവ.

# കരൾപെറ്റ കഥകളുടെ മോഹനകാലം

## 2024 – കഥാപ്രസംഗകലയുടെ അരങ്ങവതരണത്തിന്റെ ശതാബ്ദിവർഷം



രാജേഷ് കെ. പുതുമന

സ്നേഹത്തിൽനിന്നുദിക്കുന്നു ലോകം
സ്നേഹത്താൽ വൃദ്ധി തേടുന്നു
സ്നേഹംതാൻ ശക്തി ജഗത്തിൽ സ്വയം
സ്നേഹംതാൻ ആനന്ദമാർക്കും
സ്നേഹം താൻ ജീവിതം ശ്രീമൻ
സ്നേഹവ്യാഹതിതന്ന മരണം
സ്നേഹം നരകത്തിൽ ദ്വീപിൽ
സ്വർഗഗേഹം പണിയും പടുത്വം

കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകിയിലെ കാവ്യഭംഗി നിറഞ്ഞ, പ്രപഞ്ചസത്യം വിളംബരം ചെയ്യുന്ന ഈ വരികൾ, സംഗീതാത്മകമായി ചവിട്ടുഹാർമോണിയത്തിന്റെയും ചപ്ലാംകട്ടയുടെയും മൃദംഗത്തിന്റെയുമൊക്കെ പശ്ചാത്തലസംഗീതത്തിൽ ഉയർന്നുകേൾക്കുന്നു. പാട്ടിനിടയ്ക്ക് വരികളുടെ ആഖ്യാനമെന്നവണ്ണമുള്ള പറച്ചിൽ. ജാതിവ്യവസ്ഥയുടെ നിരർഥകതയെക്കുറിച്ചുള്ള വിശദീകരണം. ചണ്ഡാലപ്പെണ്ണിന്റെ വിഹ്വലതകളുടെ അഭിനയാവതരണം. കണ്ടുനിന്നവർക്കു ഹരം പിടിച്ചു. അപ്പോൾ ഓടിയെത്തിയ ഒരാൾ ചോദിച്ചു: ഇതെന്താ പരിപാടി? ഇതല്ലേ പുതിയ പരിപാടി. കഥാപ്രസംഗം, ഗംഭീരം.

1924 ൽ ആയിരുന്നു ഈ സംഭവം. ഇത് കഥാപ്രസംഗകലയുടെ അരങ്ങവതരണത്തിന്റെ ശതാബ്ദിവർഷം. സാംസ്കാരികകേരളമാകെ ചർച്ചകളും അനുസ്മരണച്ചടങ്ങുകളുമൊക്കെ നടക്കുന്നു. കണ്ടുമടുത്ത ആവർത്തനക്കാഴ്ചകളുടെ ശബ്ദപ്രകാശഘോഷങ്ങളിൽനിന്ന് മലയാളി വീണ്ടും കഥാപ്രസംഗവേദികളുടെ മുമ്പിലേക്കെത്തുന്ന ശുഭകാര്യവും സംഭവിച്ചുകൊണ്ടിരിക്കുന്നു.

ഇതൊരു വലിയ കലയാണ്. വ്യക്തമായ അക്ഷരത്തിന്റെയും ശുദ്ധമായ ഭാഷയുടെയും ഒരു കല. സർവജനങ്ങളും കേൾക്കേണ്ട സദ്വർത്തമാനങ്ങൾ കഥാവതരണത്തിന്റെ ശാസ്ത്രീയചിട്ടകൾകൊണ്ട് അമ്പരപ്പിക്കാതെ ലളിതസുന്ദരമായി നേരേ പകർന്നുകൊടുക്കുന്ന കല. വരേണ്യവർഗത്തിനു മാത്രമുള്ളതാണ് ശ്രേഷ്ഠമായ കലകളെന്ന ധാരണയെ തകിടം മറിച്ച്, ക്ഷേത്രമതിലുകൾക്കകത്തും പുറത്തും എല്ലാ വിഭാഗം ജനങ്ങളുടെയും മുമ്പാകെ അവതരിപ്പിക്കപ്പെട്ട ഉജ്ജ്വലമായ കല. പാഠപുസ്തകംപോലെ കഥാസന്ദർഭങ്ങളെ കണ്ടറിഞ്ഞ് ചിന്താപരിവർത്തനത്തിനു മാനവഹൃദയങ്ങളെ പ്രേരിപ്പിച്ച കഥാപ്രസംഗകല ശതാബ്ദിയിലേക്കു നീങ്ങുമ്പോൾ, കടന്നുപോയവരെ ഓർക്കുന്നത് ചരിത്രബോധനത്തിനും കലയുടെ വികാസത്തിനും ഏറെ ഉപകരിക്കുമെന്നതിൽ തർക്കമില്ല.

വ്യാസശിഷ്യനായ വൈശമ്പായനൻ മഹാഭാരതകഥ കഥാകഥനഗാനാവതരണമായി അവതരിപ്പിച്ചതാവാം ഭാരതചരിത്രത്തിലെ കഥാപ്രസംഗത്തിന്റെ ആദ്യരൂപം. കഥാകഥൻ, ബുറക്കഥ, ഹരികഥ തുടങ്ങിയ പേരുകളിലൊക്കെ സമാനമായ അവതരണങ്ങൾ ഉത്തര – ദക്ഷിണ ഭാരതങ്ങളിൽ നടന്നുവന്നു. ഇവയൊക്കെയും ഭക്തിപ്രസ്ഥാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ സാധൂകരിക്കുകയെന്ന ദൗത്യമാണ് നിർവഹിച്ചുകൊണ്ടിരുന്നത്.

കേരളക്കരയിൽ, പരമ്പരാഗതമായ ചട്ടക്കൂടിന്റെ ചുവടുപിടിച്ചുകൊണ്ടുതന്നെ കൊല്ലവർഷം 1096 ൽ (എ.ഡി. 1921) ശ്രീനാരായണഗുരുവിന്റെ ശിഷ്യനും കുമാരനാശാന്റെ പ്രിയമിത്രവുമായിരുന്ന സി.ഐ. സത്യദേവൻ കഥാപ്രഭാഷണം എന്ന പേരിൽ ഒരു കലാപരിപാടി അവതരിപ്പിച്ചു. നെയ്യാറ്റിൻകരയിൽ കുന്നുംപാറ ക്ഷേത്രത്തിലായിരുന്നു വേദി. കേരളത്തിലെ അക്കാലത്തെ രാഷ്ട്രീയസംഭവവികാസങ്ങളുടെ ആധിക്യത്തിനിടയിൽ ഈ പുതിയ കലാരൂപം വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയി എന്നതു പരമാർഥം.

1924 ലാണ് കേരളം അദ്ഭുതസ്തബ്ധയായത്. ചണ്ഡാലഭിക്ഷുകി കഥാപ്രഭാഷണമായി അവതരിപ്പിക്കാൻ സി.ഐ. സത്യദേവൻ തീരുമാനിച്ചു. ഡോ. പൽപ്പുവാണ് സന്ദർഭോചിതമായ ചില വരികൾ എഴുതി നല്കിയത്. ചേന്ദമംഗലത്ത് ഡോ. പൽപ്പുവിന്റെ വസതിയിലായിരുന്നു റിഹേഴ്സൽ. ആ വീട്ടിലെ വാടകക്കാരനും സർക്കാരുദ്യോഗസ്ഥനുമായിരുന്ന ശ്രീ പി.കെ. കുഞ്ഞിരാമൻ ബി.എ.യാണ് നവീനമായതും കാലത്തെ വരച്ചുകാട്ടുന്നതിൽ കർട്ടൺമറകളൊന്നുമില്ലാത്തതുമായ ഈ കലാരൂപത്തിന് കഥാപ്രസംഗം എന്ന പേരു നല്കിയത്. അതൊരു തുടക്കമായിരുന്നു.



ജാതിയുടെ ഭാരം അനുഭവങ്ങളിൽ പേറിനടന്ന പതിനായിരങ്ങൾ മതിൽക്കെട്ടുകൾക്കു വെളിയിൽ ഈ കഥകേട്ടു. ജനം ഇളകി. എവിടെയും ജനസാഗരം. കഥാപ്രസംഗമെന്ന ജനകീയകല ഉയർന്നുറയ്ക്കുകയായിരുന്നു മലയാളക്കരയിൽ. പിന്നീടുണ്ടായ തുടർച്ചകൾ കഥാപ്രസംഗകലയെ കേരളീയകലകളുടെ മുൻനിരയിൽത്തന്നെ നിലനിർത്തിയെന്നതും ചരിത്രസത്യം.

സ്വാതന്ത്ര്യസമരത്തിന്റെ സന്ദേശവാഹകനായിരുന്ന പ്രൊഫ. എം.പി. മന്മഥൻ കഥാപ്രസംഗകലാക്ഷേത്രത്തിൽ അഗ്രഗണ്യനായി. വള്ളത്തോൾ നാരായണമേനോന്റെ 'എന്റെ ഗുരുനാഥൻ' എന്ന കവിത കഥാപ്രസംഗമായി നൂറുകണക്കിനു വേദികളിൽ അദ്ദേഹം അവതരിപ്പിച്ചു. വള്ളത്തോളിന്റെതന്നെ 'മഗ്ദലനമറിയം' കപടസദാചാരത്തിന്റെ മൂടുപടം വലിച്ചുകീറുന്ന കഥാപ്രസംഗമായി. ഉള്ളൂരിന്റെ മൃണാളിനിയെ ഇതിവൃത്തമാക്കി മദ്യമെന്ന വിപത്തിനെതിരേ മന്മഥൻസാർ അത്യുജ്ജ്വലമായ സന്ദേശപ്രചാരണം നടത്തി. കഥാപ്രസംഗങ്ങൾ കേട്ടേ തീരൂ എന്ന തീരുമാനത്തിലേക്കു സാമാന്യജനങ്ങളെല്ലാം അവരറിയാതെതന്നെ എത്തിച്ചേർന്ന കാലഘട്ടമായിരുന്നു അത്.

ശ്രീ കെടാമംഗലം സദാനന്ദൻ 'അവൻ വീണ്ടും ജയിലിലേക്ക്, രമണൻ' തുടങ്ങിയ ശീർഷകങ്ങളിൽ പറഞ്ഞ കഥകൾ മലയാളമണ്ണിനെ കോരിത്തരിപ്പിച്ചു. സോഷ്യലിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കുന്നതിലും മലയാളഭാഷയുടെ അപാരമായ സൗന്ദര്യം പ്രവാഹമെന്നവണ്ണം അവതരിപ്പിക്കുന്നതിലും ശ്രീ കെടാമംഗലം അന്നും ഇന്നും ഒന്നാംസ്ഥാനത്തു നില്ക്കുന്നു.

ശ്രീ കെ.ജി. കേശവപ്പണിക്കർ കാറൽമാർക്സ്, ശ്രീനാരായണഗുരു എന്നീ കഥകളിലൂടെ വ്യത്യസ്തദർശനങ്ങളിലുള്ള മാനവികതയുടെ വക്താക്കളെ നന്നായി മലയാളത്തിനു ബോധ്യപ്പെടുത്തി. ശ്രീ. ജോസഫ് കൈമാപ്പറമ്പൻ, ശ്രീ. കെ.കെ. ജോസഫ്, ശ്രീ. പി.സി. എബ്രഹാം തുടങ്ങിയവർ കൂടുതലായി ക്രൈസ്തവദേവാലയങ്ങളിൽ കഥ പറഞ്ഞവരാണ്. വിശുദ്ധ ബൈബിളിലെ കഥാസന്ദർഭങ്ങൾ കൂടാതെ മൂല്യാധിഷ്ഠിതമായ കുടുംബജീവിതത്തിനുതകുന്ന സാമൂഹികകഥകളും ഇവർ മൂന്നുപേരും അവതരിപ്പിച്ചുപോന്നു.

സർവശ്രീ കെ.കെ. വാധ്യാർ, ആർ.കെ. കൊട്ടാരത്തിൽ, കെ.ആർ. ഹരിപ്പാട്, കവനാലയം നാണുക്കുട്ടൻ, വെൺപാലക്കര വിശ്വംഭരൻ തുടങ്ങിയ കഥാപ്രസംഗഗുരുനാഥന്മാർ അവരുടെ വേദികളിലൂടെ സാമൂഹികരാഷ്ട്രീയവിഷയങ്ങളെ സംബന്ധിക്കുന്ന കഥകൾ അവതരിപ്പിച്ചുകൊണ്ടേയിരുന്നു. എന്താണു ജോലി എന്ന ചോദ്യത്തിന് 'കഥാപ്രസംഗം' എന്നുമാത്രം മറുപടികൊടുത്തുകൊണ്ടിരുന്ന ആദ്യകാഥികൻ ശ്രീ. കെ.കെ. വാധ്യാർ ആയിരുന്നു.

1949 സെപ്റ്റംബർ 17 ന് കഥാപ്രസംഗവേദിയിൽ ഒരു പൊൻതാരകം ഉദിച്ചുയർന്നു സാക്ഷാൽ വി. സാംബശിവൻ. കൊല്ലം ജില്ലയിലെ ഗുഹാനന്ദപുരം ക്ഷേത്രവേദിയിൽ ചങ്ങമ്പുഴയുടെ ദേവത എന്ന കാവ്യകൃതിയാണ് അദ്ദേഹം ആദ്യ കഥാപ്രസംഗമാക്കിയത്. പിന്നെ ആയിരക്കണക്കിനു വേദികൾ. ലക്ഷംലക്ഷം ശ്രോതാക്കൾ. വി. സാംബശിവൻ അവതരിപ്പിച്ച കഥാപ്രസംഗങ്ങളുടെ വിശദാംശങ്ങൾക്ക് ഈ താളുകൾ തികയില്ല എന്നതാണു പരമാർഥം.

കരുണ, കൊച്ചുസീത, പുള്ളിമാൻ, യന്ത്രം, പ്രേമശില്പി, ദേവലോകം തുടങ്ങി പ്രസിദ്ധ മലയാളസാഹിത്യകൃതികൾ കഥാപ്രസംഗങ്ങളായി അവതരിപ്പിച്ചതിനൊപ്പം വൈദേശികസാഹിത്യകൃതികൾക്കും ബംഗാളിസാഹിത്യത്തിലെ നിരവധിയായ ഉത്കൃഷ്ടരചനകൾക്കും വി. സാംബശിവൻ കഥാപ്രസംഗരൂപം നല്കുകയുണ്ടായി. ഒഥല്ലോ, കുറ്റവും ശിക്ഷയും, അന്നാകരിനീന, പ്രതി ഹാജരുണ്ട്, വിലയ്ക്കുവാങ്ങാം, ഇരുപതാം നൂറ്റാണ്ട് തുടങ്ങിയവ ഏതാനും ഉദാഹരണങ്ങൾ. ലോകത്ത് ഏറ്റവും കൂടുതൽ നേരം മൈക്രോഫോണിനു മുന്നിൽനിന്ന വ്യക്തി ആരെന്ന ചോദ്യത്തിന്റെ ഉത്തരമായിരുന്നു വി. സാംബശിവൻ. ഇന്നുവരെ പകരക്കാരനുണ്ടായിട്ടില്ലാത്ത കാഥികരത്നം.

ശ്രീ ചേർത്തല ബാലചന്ദ്രന്റെ പുരാണകഥകൾ അന്യൂനമായ അവതരണശൈലികൊണ്ട് ഇന്നും ശ്രോതാക്കളുടെ കർണങ്ങളിൽ നിറഞ്ഞുനില്ക്കുന്നു. രണ്ടാമൂഴം, ഇനി ഞാൻ ഉറങ്ങട്ടെ തുടങ്ങിയ കഥകൾ അവതരിപ്പിക്കുമ്പോൾ, കഥാപാത്രങ്ങൾ പ്രേക്ഷകരുടെ മുന്നിലെത്തുന്നതുപോലുള്ള അനുഭവമായിരുന്നുവെന്നത് ഈ ലേഖകനും നേരനുഭവമാണ്. അദ്ദേഹം ഒടുവിൽ അവതരിപ്പിച്ച ഞാൻ സുയോധനൻ എന്ന കഥാപ്രസംഗവും നേരിൽ കേൾക്കാനുള്ള സൗഭാഗ്യമുണ്ടായി. കഥാപ്രസംഗവേദിയിലെ അദ്ഭുതമായിരുന്ന ശ്രീ കൊല്ലം ബാബുവിനെയും ഇവിടെ സ്മരിക്കുന്നു.

ശ്രീ കോട്ടയം ബാബുരാജ്, ശ്രീ ജോർജ് ചാത്തമ്പടം എന്നീ കാഥികർക്ക് ക്രൈസ്തവകുടുംബാന്തരീക്ഷവുമായി ബന്ധപ്പെട്ട കഥകൾ അവതരിപ്പിച്ചു പോന്നതിലൂടെ പള്ളിപ്പെരുന്നാളുകളിലും മറ്റും തുടർച്ചയായി വേദികൾ ലഭിച്ചുകൊണ്ടിരുന്നു. വിദ്വാൻ പി.ആർ. പുതുമനയുടെ ചന്ദനക്കട്ടിൽ, ലഹര, കർണ്ണൻ തുടങ്ങിയ കഥാപ്രസംഗങ്ങൾ മധ്യതിരുവിതാംകൂറിലെ ക്ഷേത്രോത്സവവേദികളിൽ നന്നായി അവതരിപ്പിക്കപ്പെട്ടുപോന്നു.

ഹാസ്യരസപ്രധാനമായ കഥകളിലൂടെ മലയാളികളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായ കാഥികൻ ശ്രീ. വി.ഡി. രാജപ്പനും ഇത്തരുണത്തിൽ സ്മരണീയനാണ്. ചിങ്ങവനം സിസ്റ്റേഴസ്, തുടിയൂർ വസന്തകുമാരി, വെള്ളിനെല്ലൂർ വസന്തകുമാരി, സീന പള്ളിക്കര തുടങ്ങിയ വനിതകളും ഈ കലാവേദിക്ക് വിലപ്പെട്ട സംഭാവനകൾ നല്കിയവരാണ്.

കാഥികർ പിന്നെയും പിന്നെയും ഉണ്ടായിക്കൊണ്ടിരുന്നു. മറ്റുള്ളവരെക്കൊണ്ട് എഴുതിച്ച കഥകളുടെ അവതരണത്തിൽ സ്വാഭാവികമായുണ്ടാകാവുന്ന ലാക്ക് ഓഫ് ഇൻവോൾവ്മെന്റ് ഈ കലയ്ക്ക് വീഴ്ചയുണ്ടാക്കി. വി. സാംബശിവനെപ്പോലെതന്നെ കഥപറയണമെന്ന വാശിയിലുണ്ടായ അനുകരണഭ്രമവും കഥാപ്രസംഗത്തെ ക്ഷീണിപ്പിച്ചു. ഭാഷാബോധ്യമില്ലാതെ നിസ്സാരകാര്യമെന്ന മട്ടിൽ ഈ രംഗത്തേക്കു കടന്നുവന്ന കാഥികന്മാരും കഥാപ്രസംഗത്തിനുണ്ടാക്കിയ നഷ്ടം ചെറുതല്ല.

ഇങ്ങനെയൊക്കെയാണെങ്കിലും ഇന്നു കഥാപ്രസംഗം തിരിച്ചുവരികതന്നെയാണ്. യുവജനോത്സവവേദികളിൽ ഈ കലയ്ക്ക് ഉചിതമായ സ്ഥാനം ലഭിക്കുന്നുണ്ട്. ഉത്സവവേദികളിലും കഥാപ്രസംഗം കൂടുതലായി ബുക്ക് ചെയ്യപ്പെടുന്നു. കേട്ടുകേട്ടു തഴമ്പിച്ച കഥകൾക്കു പകരം കേൾവിക്കാരിൽ ജിജ്ഞാസയുണ്ടാക്കുകയും ആ കഥയിൽ കേട്ടതുപോലെ എന്ന വിചാരം ശ്രോതാക്കളിലുണ്ടാക്കി മാനവികതയുടെ അഭിലഷണീയമായ വളർച്ചയ്ക്ക് കളമൊരുക്കുകയും ചെയ്താൽ ഒരു കാഥികനു തീർച്ചയായും വിജയിക്കാനാവും; പക്ഷേ, അയാൾ ഒരു തികഞ്ഞ കലാകാരനായിരിക്കണമെന്നു മാത്രം.

ഗുരുമുഖത്തുനിന്നുള്ള പഠനം, ആഴത്തിലുള്ള വായന, വർത്തമാനകാലസംഭവങ്ങളെ വിശ്ലേഷണബുദ്ധിയോടെ സമീപിക്കാനുള്ള കഴിവ്, വളരെ മാന്യമായി പെരുമാറുന്നതിനുള്ള ശേഷി, അപാരമായ ശബ്ദശേഖരത്തിനുടമ എന്നിങ്ങനെയുള്ള യോഗ്യതകൾ നേടാൻ കഴിഞ്ഞാൽ ആ കാഥികൻ ശോഭിക്കുകതന്നെ ചെയ്യും, തീർച്ച.

■



# കേരളത്തിൽ വർധിച്ച വികസനസാധ്യതകൾ

നേർമൊഴി

ഫാ. മാത്യു ചന്ദ്രൻകുന്നേൽ

**കേ**രളത്തിൽ താമര വിരിഞ്ഞതോടെ കേരളത്തിന്റെ നേർക്കുള്ള ബി.ജെ.പി.യുടെ സമീപനം മാറി. സുരേഷ്ഗോപിയുടെ സിനിമാക്കരാറുകളും ഭരണപരിചയക്കുറവും കണക്കിലെടുത്ത് ക്യാബിനറ്റ് പദവി നൽകിയില്ലെങ്കിലും ഇരട്ടിമധുരം പോലെ കേരളത്തിനു രണ്ടു സഹമന്ത്രിമാരെ നൽകുകയും കേരളത്തിനു പ്രയോജനകരമായ വകുപ്പുകൾ നൽകുകയും ചെയ്തു. സൂപ്പർ സ്റ്റാർ സുരേഷ്ഗോപിയും ബിജെപിയുടെ അടിത്തട്ടുപ്രവർത്തകൻ ജോർജ് കുര്യനും കേരളത്തിൽ വികസനത്തിന്റെ വിശാലപാതകൾ വെട്ടിത്തുറക്കുമെന്നു പ്രത്യാശിക്കാം.

ബി.ജെ.പി. കേന്ദ്രനേതൃത്വത്തിന് കേരളത്തിൽനിന്നു നിശ്ചയിച്ച സഹമന്ത്രിമാരോടാണോ കേരളത്തോടാണോ താത്പര്യമെന്നെ ചോദ്യം ഇവിടെ പ്രസക്തമാണ്. രാഷ്ട്രീയപരമായി ചിന്തിച്ചാൽ കേന്ദ്രനേതൃത്വത്തിന്റെ താത്പര്യം കേരളത്തോടുതന്നെ. ജനകീയരായ ഈ സഹമന്ത്രിമാരിലൂടെ ബിജെപിയെക്കുറിച്ചുള്ള സാധാണക്കാരുടെയും മതന്യൂന പക്ഷങ്ങളുടെയും ആശങ്കകളും സംശയങ്ങളും ദൂരീകരിക്കുക, വികസനത്തിന്റെ വഴി തുറക്കാൻ തങ്ങൾക്കേ കഴിയൂ എന്ന ബോധ്യം ജനിപ്പിക്കുക, അങ്ങനെ 2026 ൽ വരാൻപോകുന്ന തദ്ദേശതിരഞ്ഞെടുപ്പിലും നിയമസഭാതിരഞ്ഞെടുപ്പിലും പാർട്ടിയുടെ സാന്നിധ്യവും വളർച്ചയും ഉറപ്പാക്കുക എന്നതുതന്നെയാണ് ബി.ജെ.പി. യുടെ ലക്ഷ്യം.

സുരേഷ്ഗോപി ജയിച്ചാൽ മന്ത്രിയാകുമെന്ന് എല്ലാവരും പ്രതീക്ഷിച്ചിരുന്നു. കാരണം, അദ്ദേഹം പ്രധാനമന്ത്രി മോദിയുടെയും അമിത്ഷായുടെയും സ്ഥാനാർഥിയായിരുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ മാധ്യമങ്ങൾ ആഘോഷിച്ച സ്ഥാനാർഥികളിൽ സൂപ്പർസ്റ്റാർ സുരേഷ്ഗോപിതന്നെയായിരുന്നു. തിരുവനന്തപുരത്ത് രാജീവ് ചന്ദ്രശേഖറും വടകരയിൽ ഷാഫി പറമ്പിലും മാധ്യമശ്രദ്ധ നേടിയപ്പോഴും സുരേഷ്ഗോപിയും തൃശൂരും എപ്പോഴും വാർത്തകളിൽ സജീവമായിരുന്നു.

തൃശൂർ സുരേഷ്ഗോപി എടുത്തതാണോ വോട്ടർമാർ തൃശൂരിനെ സുരേഷ്ഗോപിക്കു കൊടുത്തതാണോ? എഴുപത്തിഅയ്യായിരത്തോളം വരുന്ന ഭൂരിപക്ഷം ഓർമപ്പെടുത്തുന്നത് രാഷ്ട്രീയഭേദമെന്യേ ജനം തൃശൂർ മണ്ഡലത്തെ സുരേഷ്ഗോപിക്കു സമർപ്പിച്ചുവെന്നാണ്. ജനം സൂപ്പർ സ്റ്റാറിൽ അർപ്പിച്ച അമിത പ്രതീക്ഷകൾ നിറവേറ്റാൻ അദ്ദേഹത്തിനു സാധിക്കുമോ എന്നറിയാൻ എല്ലാവരും ജിജ്ഞാസയോടെ കാത്തിരിക്കുകയാണ്. സുരേഷ്ഗോപി നല്ല മനുഷ്യനും പാവപ്പെട്ടവരോടും ആവശ്യക്കാരോടും കരുണയും കരുതലും ഉള്ളവനുമാണെങ്കിലും പയറ്റിത്തെളിഞ്ഞ മെയ്വഴക്കവും മൊഴിവഴക്കവുമുള്ള ഒരു രാഷ്ട്രീയക്കാരനല്ലെന്ന കാര്യം പലർക്കുമറിയാം. സുരേഷ്ഗോപിയുടെ വ്യക്തിത്വത്തിൽ പ്രകടമായ മൂന്നു ഭാവങ്ങളുണ്ട്. രാഷ്ട്രീയക്കാരൻ അതിലെ ചെറിയൊരു ഭാഗംമാത്രമാണ്. മുന്തിയ ഭാവം കലാകാരന്റേതാണ്. എന്നാൽ, ഏറ്റവും ആകർഷണീയമായ ഭാവം മനുഷ്യസ്നേഹിയുടേതാണ്. സുരേഷ്ഗോപി എല്ലാവർക്കും ഉപകാരിയാണെന്ന് എതിരാളികൾപോലും അംഗീകരിച്ചുകൊടുത്ത കാര്യമാണ്. തന്റെ അധ്വാനത്തിന്റെ ഓഹരിയാണ് അദ്ദേഹം ആവശ്യക്കാർക്കു നൽകുന്നത്. സൂപ്പർസ്റ്റാറിനെ എല്ലാവർക്കും പ്രിയങ്കരനാക്കുന്നത് ഈ വ്യക്തിത്വഗുണമാണ്.

നൂറുശതമാനം രാഷ്ട്രീയക്കാരനല്ലാത്തതുകൊണ്ട് സുരേഷ്ഗോപിക്കു മറച്ചുവച്ചു സംസാരിക്കാനറിയില്ല. അപ്രിയസത്യങ്ങൾ വിളിച്ചുപറയാതിരിക്കാനുള്ള രാഷ്ട്രീയപരിശീലനവും അദ്ദേഹത്തിനു പോരാ. അതിനുള്ള തെളിവാണ് സഖാവ് നായനാരെക്കുറിച്ചും ഇന്ദിരാഗാന്ധിയെക്കുറിച്ചുമൊക്കെ നടത്തിയ പരാമർശങ്ങൾ. സാധാരണ നിലയിൽ ഉന്നതപദവികളിലിരിക്കുന്ന രാഷ്ട്രീയനേതാക്കന്മാർ എതിർപക്ഷത്തുള്ളവർ എത്ര കേമന്മാരാണെങ്കിലും അവരെക്കുറിച്ചു നല്ല വാക്കുകൾ പറയാറില്ല. അങ്ങനെ പറയണമെങ്കിൽ അവർക്ക് അസാധാരണമായ ആത്മവിശ്വാസവും ധൈര്യവും സത്യസന്ധതയുമുണ്ടാകണം. ശശി തരൂരും എൻ.കെ. പ്രേമചന്ദ്രനും ആ പട്ടികയിൽ പെടുത്താവുന്നവരാണ്.

സുരേഷ്ഗോപിയുടെ ചില പ്രതികരണങ്ങൾ വൈകാരികമാണ്, രാഷ്ട്രീയപക്വതയില്ലാത്തതാണ്, ഭരത്ചന്ദ്രന്റേതാണ് തുടങ്ങിയ വിമർശനങ്ങൾ സോഷ്യൽ മീഡിയായിൽ പ്രചരിക്കുന്നുണ്ട്. കാര്യം ശരിയാണ്. പക്ഷേ, കഥാനായകൻ സുരേഷ്ഗോപിയായതുകൊണ്ട് വിവരമുള്ളവർ അതിനു വലിയ വില കല്പിക്കുന്നില്ല. ഒരു യഥാർഥമനുഷ്യസ്നേഹിയുടെ അമിതാവേശമായിട്ടേ ജനം അതിനെ വിലയിരുത്തുകയുള്ളൂ. ഒരു കാര്യം ഉറപ്പാണ്. കൊടികെട്ടിയ നേതാക്കന്മാരെന്ന് അനുയായികൾ പൊങ്ങച്ചം പറയുന്ന പല നേതാക്കന്മാരെക്കാൾ കൂടുതൽ പ്രയോജനം പുതിയ ഈ സഹമന്ത്രിമാരിൽനിന്നു കേരളത്തിനുണ്ടാകും.

സഹമന്ത്രിമാരിൽ ഒരാൾ അഡ്വ. ജോർജ് കുര്യനാണ്. സുരേഷ്ഗോപിയുമായി താരതമ്യം ചെയ്യുമ്പോൾ ജോർജ് കുര്യൻ സെലിബ്രിറ്റിയല്ല, പ്രശസ്തനല്ല. സാമ്പത്തികശേഷിയോ മാധ്യമപിന്തുണയോ സ്വന്തമായി സൈബർ പോരാളികളോ തലതൊട്ടപ്പന്മാരോ അദ്ദേഹത്തിനില്ല. പക്ഷേ, അദ്ദേഹത്തെ അമൂല്യസമ്പത്തായി കണ്ടു. നാലു പതിറ്റാണ്ടിലേറെക്കാലമായി അദ്ദേഹം ബി.ജെ.പി.യുടെ തീക്ഷ്ണതയുള്ള പ്രവർത്തകനാണ്. ബി.ജെ.പി.ക്കു യാതൊരു പ്രതീക്ഷയുമില്ലാതിരുന്ന കാലംമുതൽ പാർട്ടിയുടെ അച്ചടക്കമുള്ള പ്രവർത്തകനായി അദ്ദേഹം നിലനിന്നു. തോല്ക്കുമെന്നുറപ്പായിരുന്നിട്ടും ലോകസഭയിലേക്കും നിയമസഭയിലേക്കും അദ്ദേഹം





മത്സരിച്ചു. പാർട്ടിക്കുവേണ്ടി അദ്ദേഹം ഏറ്റെടുത്ത ത്യാഗങ്ങളൊക്കെ ഇപ്പോൾ നൂറുമേനി ഫലം ചൂടിയിരിക്കുന്നു.

രണ്ടു സഹമന്ത്രിമാരും തമ്മിൽ ചില സാദൃശ്യങ്ങളുണ്ട്. രണ്ടുപേരും ബിരുദാനന്തരബിരുദധാരികളാണ്. സുരേഷ്ഗോപിക്ക് ഇംഗ്ലീഷ് സാഹിത്യത്തിലും ജോർജ് കുര്യന് ഹിന്ദിസാഹിത്യത്തിലും ബിരുദാനന്തരബിരുദമുണ്ട്. മാർക്കുദാനം ഇല്ലാതിരുന്ന കാലത്താണ് അവർ പഠിച്ചിരുന്നതെന്നു മറക്കരുത്. ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള അവരുടെ ഭാഷാജ്ഞാനം പാർലമെന്റിൽ അവർക്കു തുണയാകും; കേരളീയർക്ക് അഭിമാനവും.

രണ്ടുപേരും ഈശ്വരവിശ്വാസികളും അതു സാക്ഷ്യപ്പെടുത്താൻ മടിയില്ലാത്തവരുമാകുന്നുവെന്നതാണ് രണ്ടാമത്തെ സാമ്യം. അവർ മതത്തെ രാഷ്ട്രീയത്തിലേക്കോ രാഷ്ട്രീയത്തെ മതത്തിലേക്കോ കൊണ്ടുവരാത്തവരാണ്. രാഷ്ട്രീയനേട്ടങ്ങൾക്കുവേണ്ടി മതത്തെ ആയുധമാക്കുമ്പോഴാണ് പ്രശ്നം. മതവും രാഷ്ട്രീയവും തമ്മിലുള്ള അതിർവരമ്പ് കൃത്യമായ തിരിച്ചറിഞ്ഞയാളാണ് ശ്രീ ജോർജ് കുര്യൻ. മാധ്യമപ്രവർത്തകരോട് അദ്ദേഹം പറഞ്ഞു: 'ദൈവത്തിനുള്ളത് ദൈവത്തിനും സീസറിനുള്ളത് സീസറിനും.' ഇതുതന്നെയാണ് സഭയുടെ കാഴ്ചപ്പാടും.

രണ്ടുപേരും ജനപക്ഷത്തുനിന്നു ചിന്തിക്കുന്നവരും ജനക്ഷേമം ഉറപ്പാക്കുകയാണ് ജനപ്രതിനിധികളുടെ ചുമതലയെന്നു ബോധ്യമുള്ളവരുമാണ്. അർഹമായതും കൂടുതലും ചോദിച്ചുവാങ്ങാൻ കഴിവുള്ളവരാണ് രണ്ടുപേരും. കേരളത്തെ വോട്ടുബാങ്കായി കരുതുന്ന കേന്ദ്രനേതൃത്വം ഇവരിലൂടെ ക്ഷേമപദ്ധതികളും വികസനപരിപാടികളും കേരളത്തിൽ നടപ്പിലാക്കാൻ മടി കാണിക്കില്ല. അങ്ങനെ സംഭവിച്ചാൽ കേരളത്തിന്റെ ഭാഗ്യം. ■

# അവരുടെ സ്വപ്നങ്ങളെ അഗ്നിയിലെരിയിച്ചതാര്?

*1-ാം പേജ് തുടർച്ച*

ഇരുനൂറോളം പേരാണ് അഗ്നിബാധയുണ്ടായ ഫ്ളാറ്റിൽ താമസിച്ചിരുന്നതെന്നു പറയുന്നു. ഷോർട്ട് സർക്യൂട്ടുമൂലമാണ് ദുരന്തമുണ്ടായതെന്നു പറയുന്നുണ്ട്. എന്തായാലും ഇത്രയും തൊഴിലാളികൾ ഒരുമിച്ചു താമസിക്കുന്നയിടത്ത് സുരക്ഷാകാര്യങ്ങളിൽ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടത് എത്രമാത്രം പ്രധാനമാണെന്ന് ഈ ദുരന്തം പറയുന്നു. ഗൾഫിലായാലും നമ്മുടെ നാട്ടിലായാലും തൊഴിലാളികൾ കൂട്ടത്തോടെ താമസിക്കുന്ന പല താമസസ്ഥലങ്ങളിലെയും സുരക്ഷാക്രമീകരണങ്ങൾ കൂടുതൽ ശ്രദ്ധയർഹിക്കുന്നു എന്നാണ് ഈ ദുരന്തം ഓർമപ്പെടുത്തുന്നത്.

മലയാളിവ്യവസായി കെ.ജി. ഏബ്രഹാമിന്റെ ഉടമസ്ഥതയിലുള്ള എൻബിടിസി കമ്പനി അവരുടെ ജീവനക്കാർക്കായി എടുത്തിരുന്ന ഫ്ളാറ്റിലാണ് തീപ്പിടിത്തമുണ്ടായത്. കുവൈറ്റ് പൗരന്റെ ഉടമസ്ഥതയിലുള്ള ഈ കെട്ടിടത്തിൽ സുരക്ഷാവീഴ്ചകളുണ്ടായിട്ടുണ്ടോയെന്നു പരിശോധിക്കുന്നുണ്ട്. കെട്ടിട ഉടമയും സുരക്ഷാജീവനക്കാരനും അറസ്റ്റിലായിട്ടുണ്ടെന്നാണറിയുന്നത്.

കെട്ടിട ഉടമയുടെ അത്യാഗ്രഹമാണ് ദുരന്തത്തിനു വഴിവച്ചതെന്ന് കുവൈറ്റ് ഉപപ്രധാനമന്ത്രി ഫഹദ് യൂസുഫ് സൗ അൽ സബാഹി പറഞ്ഞത് ഗൗരവമേറിയ ആരോപണമാണ്. കെട്ടിടം വാടകയ്ക്കെടുത്ത കമ്പനി മാനേജ്മെന്റിനും ഈ ദുരന്തത്തിന്റെ



ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാനാകില്ല. മലയാളികളല്ലാത്ത നിരവധിയാളുകളും ഈ ദുരന്തത്തിൽ പെട്ടുപോയിട്ടുണ്ട്. അതുകൊണ്ടുതന്നെ, മലയാളികൾക്കുമാത്രമല്ല രാജ്യത്തിനാകെയും ഈ ദുരന്തം വേദനയാണ്.

ദുരന്തവാർത്ത വന്നതുമുതൽ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ ഉണർന്നുപ്രവർത്തിച്ചത് ആശ്വാസംതന്നെ. മരിച്ചവരുടെ കുടുംബത്തിനു കമ്പനിയും കേന്ദ്ര, സംസ്ഥാനസർക്കാരുകളും കുവൈറ്റ്സർക്കാരും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രമുഖ വ്യവസായികളായ യൂസഫ് അലിയും രവി പിള്ളയും മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കു ധനസഹായം അറിയിച്ചിട്ടുണ്ട്.

ഗൾഫ്രാജ്യങ്ങൾ പണ്ടുമുതലേ തൊഴിലന്വേഷകരായ മലയാളികളുടെ സ്വപ്നഭൂമിയാണ്. ഇന്ത്യയിൽനിന്നു ലക്ഷക്കണക്കിനാളുകളാണ് വിദേശരാജ്യങ്ങളിൽ തൊഴിൽതേടി പോകുന്നത്. കടലിനക്കരെ മലയാളിയുടെ സ്വപ്നങ്ങൾക്കു പച്ചപ്പു ചാർത്തിയ സ്വപ്നഭൂമിതന്നെയാണ് കുവൈറ്റ്. ആ രാജ്യവും അവിടുത്തെ ഭരണനേതൃതവും മറ്റു ഗൾഫുനാടുകളെപ്പോലെതന്നെ എന്നും മലയാളികളെ ചേർത്തുനിർത്തിയിട്ടേയുള്ളൂ. കുവൈറ്റിലെ ജനസംഖ്യയിൽ പത്തുലക്ഷത്തോളം പേരും ഇന്ത്യക്കാരാണെന്നാണു കണക്കുകൾ. ജോലിക്കാരിൽ നല്ലൊരുപങ്കും മലയാളികളാണ്.

കുടുംബത്തിനുവേണ്ടി കടൽ കടന്ന മലയാളിസമൂഹത്തിന്റെ വരുമാനമാണ് കേരളത്തിന്റെ സാമ്പത്തികപുരോഗതിക്ക് എന്നും കാരണമായത്. പ്രവാസിത്തൊഴിലാളികളുടെ സംഭാവനകളെ വളരെയധികം ആശ്രയിക്കുന്ന ഒരു സമ്പദ്വ്യവസ്ഥയാണ് നമ്മുടെ നാടിന്റേത്. അതുകൊണ്ടുതന്നെ, ഈ ദുരന്തവേളയിൽ അവരുടെ കുടുംബങ്ങളുടെ കൈപിടിക്കേണ്ടത് നമ്മുടെ കടമയാണ്. ■



ഇഗ്നേഷ്യസ് കലയന്താനി

# കിഴക്കൻകാറ്റ്

നോവൽ 2

കഥാസാരം: ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. ഇരുപതുവർഷംമുമ്പ് സിസിലിയുടെ കുടുംബം വീടും സ്ഥലവും വിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് അവർ തമ്മിൽ ബന്ധമൊന്നുമുണ്ടായിരുന്നില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണം നിശ്ചയിച്ചു. സിസിലിയെയും ഭർത്താവ് തോമസിനെയും കല്യാണത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും കാറിൽ ഹൈറേഞ്ചിലേക്കു പോയി. കുറുക്കൻകുന്ന് എന്ന ഗ്രാമത്തിലാണ് സിസിലിയും കുടുംബവും താമസിക്കുന്നതെന്നു മനസ്സിലാക്കി അവർ അന്വേഷിച്ച് അവിടെയെത്തി. പഴയ കൂട്ടുകാരിയെ കണ്ടപ്പോൾ സിസിലിക്ക് ഒരുപാട് സന്തോഷമായി.

(തുടർന്നു വായിക്കുക)

"വാ... അകത്തിരുന്നു സംസാരിക്കാം." സിസിലി സൂസമ്മയെയും ജയേഷിനെയും അകത്തേക്കു കൂട്ടിക്കൊണ്ടുപോയി സ്വീകരണമുറിയിലെ കസേരയിലിരുത്തി.

"സൂസമ്മയ്ക്കറിയാല്ലോ, ഞങ്ങള് മൂവാറ്റുപുഴേന്ന് വീടുവിറ്റ് ആദ്യം പോയത് തോപ്രാംകുടിക്കാ. അവിടെ അഞ്ചേക്കർ കുരുമുളകുതോട്ടമായിരുന്നു. നല്ല ആദായമുള്ള തോട്ടമായിരുന്നു. ഞങ്ങടെ ഭാഗ്യം തെളിഞ്ഞൂന്ന് ഞങ്ങളു വിചാരിച്ചു. കുരുമുളകിനു വെലയുള്ള കാലം. മൂന്നാലുവർഷം സന്തോഷായിട്ടു കഴിഞ്ഞു. പക്ഷേ, ഞങ്ങടെ ഗതികേടിന് നാലഞ്ചുവർഷം കഴിഞ്ഞപ്പോൾ രോഗംവന്ന് കുരുമുളകെല്ലാം ഒണങ്ങിപ്പോയി. കിട്ടിയ വിലയ്ക്ക് ആ സ്ഥലം വിറ്റിട്ട് ഇങ്ങോട്ടുപോന്നു. ഇവിടെ ഏഴേക്കർ സ്ഥലം മേടിച്ചു. കുറെ പാഴ്മരങ്ങളല്ലാതെ വേറൊന്നും ഒണ്ടായിരുന്നില്ല.

തോമാച്ചായൻ അധ്വാനിച്ച് തെങ്ങും കുരുമുളകുമൊക്കെ നട്ടുപിടിപ്പിച്ച് ഒരുവിധം കരപറ്റി വന്നപ്പഴാ ആ ദുരന്തമുണ്ടായത്. സിസിലി ഒന്നു നിറുത്തിയിട്ട് തോർത്തെടുത്തു കണ്ണും മുഖവും തുടച്ചു.

"എന്നതാ?" സൂസമ്മയുടെ ആകാംക്ഷ വർധിച്ചു.

"ഇവിടുന്ന് രണ്ടുമൂന്നു കിലോമീറ്റർ അപ്പുറം വനമാ. ഒരിക്കൽ ഒരു കാട്ടാന തീറ്റതേടി നമ്മുടെ പറമ്പിൽവന്നു. തെങ്ങും കുരുമുളകുമൊക്കെ നശിപ്പിക്കുന്നതു കണ്ടപ്പം അതിനെ ഓടിക്കാൻ തോമാച്ചായനും കൂട്ടുകാരും കൂടി പടക്കം പൊട്ടിച്ചു. ആന ചിന്നം വിളിച്ചോണ്ട് പാഞ്ഞടുത്തു. കൂടെയുണ്ടായിരുന്നവരൊക്കെ ഓടി. തോമാച്ചായൻ ഓടുന്നതിനിടയിൽ ഒരു വള്ളിയിൽ തട്ടിവീണു. ആന പാഞ്ഞുവന്ന് തോമാച്ചായനെ..." മുഴുമിപ്പിക്കാനാവാതെ സിസിലി വിതുമ്പി.

"ചവിട്ടേറ്റ് തോമാച്ചായന്റെ ശരീരം ചതഞ്ഞരഞ്ഞുപോയി. ആ മുഖത്ത് ഒരന്ത്യചുംബനം നൽകാൻപോലും എനിക്കോ മക്കൾക്കോ കഴിഞ്ഞില്ല. മരിച്ചടക്കിന് ഈ നാടുമുഴുവൻ ഒണ്ടായിരുന്നു. എല്ലാർക്കും ഉപകാരിയായിരുന്നതുകൊണ്ട് തോമാച്ചായനെ ഈ നാട്ടിലെല്ലാവർക്കും ഇഷ്ടമായിരുന്നു."

"എത്ര വർഷമായി?"

"എട്ടുവർഷം കഴിഞ്ഞു."

ഒന്നു നെടുവീർപ്പിട്ട് സിസിലി തുടർന്നു: "തോമാച്ചായൻ പോയതിനുശേഷം ഞങ്ങടെ കണ്ണീരു തോർന്നിട്ടില്ല സൂസമ്മേ. മക്കളെ പട്ടിണിക്കിടാതിരിക്കാൻ ഞാൻ ഒരുപാടു ബുദ്ധിമുട്ടി. രണ്ടു പെൺമക്കളെയല്ലേ ദൈവം എനിക്കു തന്നുള്ളൂ. സഹായത്തിന് ഒരാൺതരിയെപ്പോലും തന്നില്ലല്ലോ."

"ങ്ഹ..., അതു ചോദിക്കാൻ മറന്നു. ടെസിയും എൽസും എവിടെ? രണ്ടുപേരുടെയും കല്യാണം കഴിഞ്ഞോ?"

"ടെസിയുടെ കല്യാണം കഴിഞ്ഞു. ഇവിടുന്ന് പത്തിരുപതു കിലോമീറ്റർ ദൂരെ പുല്ലാനിക്കുന്ന് എന്ന സ്ഥലത്താ കെട്ടിച്ചിരിക്കുന്നത്. ഒരുപാട് കാശൊന്നും കൊടുക്കാൻ പാങ്ങില്ലാതിരുന്നതുകൊണ്ട് ഒരു സാധാരണ കുടുംബത്തിലാ കൊണ്ടെക്കെട്ടിച്ചത്. അവൾക്ക് രണ്ടുപെൺമക്കള്. പക്ഷേ, അവളുടെ ജീവിതവും ദുരിതത്തിലാ. കെട്ടിയോൻ കുടിയനാ. കുടിച്ചിട്ടു വന്ന് അവളെ തല്ലും. സ്ത്രീധനം ഒന്നും കൊടുത്തില്ലെന്നാ പരാതി. അമ്മായിയമ്മേം പോരെടുക്കും. ഓരോന്നു പറഞ്ഞ് അവളെ കുത്തിനോവിക്കാനേ അവർക്കു നേരമുള്ളൂ. തൊട്ടതിനും പിടിച്ചതിനുമെല്ലാം കുറ്റം. അവളാണെങ്കിൽ ഇവിടെ വന്നു കരച്ചിലും പിഴിച്ചിലും. ബന്ധം വേർപെടുത്തിയാലോന്നു പലവട്ടം ആലോചിച്ചതാ. രണ്ടു പെൺകുഞ്ഞുങ്ങളെയുംകൊണ്ട് ഇവിടെവന്ന് എങ്ങനെ ജീവിക്കാനാ? രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ഞങ്ങളു പെടുന്ന പാട് ഞങ്ങക്കല്ലേ അറിയൂ. അതുകൊണ്ട് ഞാൻ പറഞ്ഞു സഹിച്ചും ക്ഷമിച്ചുമൊക്കെ അവിടെ നിൽക്കാൻ. അല്ലാതെ എല്ലാത്തിനേം എനിക്കു പോറ്റാൻ പറ്റുമോ?" സിസിലി കീഴോട്ടു നോക്കി ദുഃഖിതയായി ഇരുന്നു.

"എൽസ?"

"അവളിവിടെ ഒണ്ട്. ഇവിടടുത്തൊരു വീട്ടിൽ അവളു കുറെ കുട്ടികൾക്കു ട്യൂഷൻ എടുക്കുന്നുണ്ട്. മാസം ആറേഴായിരം രൂപ കിട്ടും. ആ കാശുകൊണ്ടാ പട്ടിണി കിടക്കാതെ ജീവിച്ചുപോകുന്നത്. പറമ്പീന്ന് ആദായമൊന്നുമില്ല. കൃഷി ചെയ്യുന്നതൊക്കെ പന്നീം കുരങ്ങും മയിലുമൊക്കെ വന്ന് തിന്നു മുടിച്ചിട്ടു പോകും. മൂവാറ്റുപുഴേന്ന് ഇങ്ങോട്ടു പോരണ്ടായിരുന്നൂന്ന് പലപ്പോഴും തോന്നീട്ടുണ്ട്. ഇനി പറഞ്ഞിട്ടു കാര്യമില്ലല്ലോ."


"സിസിലിയും തോമാച്ചായനും ഇവിടെ വലിയ വീടുവച്ച് സന്തോഷമായി കഴിയുകയാന്നാ ഞങ്ങളു വിചാരിച്ചത്. ഒരുപാട് നാളായി വിവരമൊന്നും ഇല്ലായിരുന്നല്ലോ."

"തോമാച്ചായൻ മരിച്ചതിനു ശേഷം സന്തോഷം എന്തെന്നു ഞാൻ അറിഞ്ഞിട്ടില്ല. സൂസമ്മേ. ഇതിനിടയിൽ വേറൊരു ദുരന്തം കൂടിയുണ്ടായി. എൽസ ഒരിക്കൽ കോളേജ് വിട്ടുവരുന്ന വഴി അവളെ ഒരു ജീപ്പു വന്ന് ഇടിച്ചുവീഴ്ത്തി. അവളുടെ കാലിന് ഫ്രാക്ചർ ഉണ്ടായി. ഇപ്പം ചട്ടിചട്ടിയാ നടപ്പ്. ചട്ട് മാറണമെങ്കിൽ ഒരു ഓപ്പറേഷൻ നടത്തണമെന്നാ ഡോക്ടർ പറഞ്ഞത്. അതിന് ഒരുപാട് കാശാകും. എനിക്ക് എവിടെയാ കാശ്? കല്യാണം കഴിച്ചുവിടാൻപോലും നയാപൈസയില്ല. പിന്നെയാ ഓപ്പറേഷൻ. അവൾക്ക് ഒരുപാട് സങ്കടമുണ്ട്. പക്ഷേ എന്റെ കണ്ണീരു കാണുമ്പം എല്ലാ സങ്കടവും അവൾ ഉള്ളിലൊതുക്കും."

"തോമാച്ചായന്റെ വീട്ടുകാരൊന്നും സഹായിക്കാറില്ലേ?"

"സഹായിക്കാൻ പോയിട്ട് ഒന്നു വരാറുപോലുമില്ല. മരിച്ചുകഴിഞ്ഞ് ഒന്നോ രണ്ടോ തവണ വന്നു. കുറച്ചു കാശു ചോദിച്ചപ്പം നോക്കട്ടേന്നു പറഞ്ഞ് ഇറങ്ങിപ്പോയതാ. പിന്നെ വന്നിട്ടില്ല. എന്റെ വീട്ടുകാർക്ക് അധികം സാമ്പത്തികം ഇല്ലെന്നു സൂസമ്മയ്ക്കറിയാല്ലോ. എന്നാലും, ആങ്ങള ഇടയ്ക്കിടെ വന്ന് ഇത്തിരി കാശുതന്നിട്ടു പോകും. അതുകൊണ്ടെന്താകാൻ. ഈ സ്ഥലം വിറ്റിട്ട് നാട്ടിലേക്കെങ്ങാനും പോരാന്നു വച്ചാൽ വാങ്ങാനാളുവേണ്ടേ? ആനേം കടുവേം പന്നിയുമൊക്കെ ഇറങ്ങുന്ന സ്ഥലം ഇപ്പം ആർക്കുവേണം? ചിലരൊക്കെ വന്നു നോക്കി. പ്രതീക്ഷിക്കുന്നതിന്റെ പാതിവില പോലും ആരും പറയുന്നില്ല."

സിസിലിയുടെ കദനകഥ കേട്ടപ്പോൾ സൂസമ്മയുടെ കണ്ണു നിറഞ്ഞു. ജയേഷിനും സങ്കടം വന്നു. ഇത്രയും ദുരിതം നിറഞ്ഞ ഒരു ജീവിതം ദൈവം എന്തിനാണ് ഇവർക്കു കൊടുത്തതെന്ന് അവൻ ഓർത്തു. താനൊക്കെ എത്രയോ ഭാഗ്യവാൻ.



"ഇന്നു പോകണ്ടാട്ടോ. നമുക്കു രാത്രി വെളുക്കുവോളം ഇരുന്നു വർത്തമാനം പറയാം. എത്ര നാളായി കണ്ടിട്ട്. ങ്ഹ ഞാൻ കുടിക്കാൻ നാരങ്ങാവെള്ളം എടുക്കാം. വന്നിട്ട് ഒന്നും തന്നില്ലല്ലോ."

സിസിലി എണീറ്റ് അടുക്കളയിലേക്കുപോയി. പിന്നാലെ സൂസമ്മയും. നാരങ്ങാവെള്ളം എടുക്കുന്നതിനിടയിൽ സിസിലി സൂസമ്മയോടു വിശേഷങ്ങൾ ചോദിച്ചുകൊണ്ടിരുന്നു.

ഇതിനിടയിൽ ജയേഷ് മുറ്റത്തേക്കിറങ്ങി വീടും പരിസരവും ചുറ്റിനടന്നു കണ്ടു. വീടിന്റെ വടക്കുവശത്തുനിന്നു നോക്കിയാൽ ദൂരെ വലിയ മലനിരകൾ കാണാം. മലഞ്ചെരിവിലൂടെയുള്ള റോഡിൽ കളിപ്പാട്ടവണ്ടികൾ പോകുന്നപോലെ ലോറിയും കാറുമൊക്കെ പോകുന്ന കാഴ്ച ഹൃദ്യമായിരുന്നു.

മുറ്റത്തരികിൽ ഒരുപാട് പൂച്ചെടികൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. റോസാച്ചെടികൾ നിറയെ പൂക്കൾ. ഒരെണ്ണം പറിച്ചെടുത്തു ജയേഷ് മണത്തു നോക്കി. നല്ല മണം.

കാഴ്ചകൾ കണ്ടു നില്ക്കുമ്പോൾ ദൂരെനിന്ന് ഒരു യുവതി നടന്നുവരുന്നതു കണ്ടു. ഏന്തിയേന്തിയാണു നടപ്പ്. കണ്ടതേ മനസ്സിലായി വരുന്നത് എൽസയാണെന്ന്.

അടുത്തുവന്നതും കണ്ണുകൾ കൂട്ടിമുട്ടി. ജയേഷ് പുഞ്ചിരിച്ചപ്പോൾ എൽസയും ചിരിച്ചു. ഒന്നും മിണ്ടാതെ അവൾ ഏന്തിയേന്തി വരാന്തയിലേക്കു കയറി മുറിയിലേക്കു പോയി.

പ്രകൃതിസൗന്ദര്യം ആസ്വദിച്ചുകൊണ്ട് ജയേഷ് മുറ്റത്ത് ചുറ്റിപ്പറ്റി നിന്നതേയുള്ളൂ. തെല്ലു കഴിഞ്ഞപ്പോൾ കൈയിൽ ഒരു ഗ്ലാസ് നാരങ്ങാവെള്ളവുമായി സിസിലി എൽസയെയും കൂട്ടി മുറ്റത്തേക്കു വന്നു. നാരങ്ങാവെള്ളം നീട്ടുന്നതിനിടയിൽ സിസിലി ജയേഷിനോടു ചോദിച്ചു.

"മോൻ ഓർക്കുന്നില്ലേ എൽസയെ?"

"ഉം." ഓർമയിൽ വന്നില്ലെങ്കിലും ഉണ്ട് എന്ന അർഥത്തിൽ തലയാട്ടി.

"ഞങ്ങളവിടെനിന്നു പോരുമ്പം എൽസയ്ക്ക് മൂന്നു വയസ്സ്. അതുകൊണ്ട് ഇവൾക്കു നിന്നെ അത്ര ഓർമയില്ല. അതുകൊണ്ടാ ഒന്നും മിണ്ടാതെ അവൾ അകത്തേക്കു കേറിപ്പോയത്."

ജയേഷ് ചിരിച്ചതേയുള്ളൂ. നാരങ്ങാവെള്ളം കുടിച്ചിട്ട് അവൻ ഗ്ലാസ് തിരികെനീട്ടി.

"മോൾ ഈ സ്ഥലമെല്ലാം ചുറ്റിനടന്ന് ജയേഷിനെ കാണിച്ചേ. ആ പാറപ്പുറത്തൊക്കെ കൊണ്ടുപോയി താഴ്വാരമൊക്കെയൊന്നു കാണിച്ചുകൊടുക്ക്. വരുമ്പോഴേക്കും ഞാൻ ചോറും കറിയുമൊക്കെ റെഡിയാക്കി വയ്ക്കാം."

അതു പറഞ്ഞിട്ട് സിസിലി ഗ്ലാസ് വാങ്ങി അകത്തേക്കു കയറിപ്പോയി.

"വാ... ഇവിടടുത്ത് നല്ലൊരു വ്യൂ പോയിന്റുണ്ട്. അവിടെ നിന്നാൽ താഴ്വാരവും അതിനപ്പുറത്തുള്ള മലകളുമൊക്കെ കാണാൻ നല്ല രസമാ."

അതു പറഞ്ഞിട്ട് എൽസ മുമ്പേ നടന്നു. പിന്നാലെ ജയേഷും.

"ട്യൂഷനു പോയിരിക്കയാണെന്ന് അമ്മ പറഞ്ഞു. ഇന്നു ട്യൂഷൻ നേരത്തേ കഴിഞ്ഞോ?" നടക്കുന്ന വഴി ജയേഷ് ചോദിച്ചു.

"അമ്മ വിളിച്ചു പറഞ്ഞു ഒരു ഗസ്റ്റ് വന്നിട്ടുണ്ടെന്ന്. അതുകൊണ്ട് നേരത്തേ നിറുത്തിപ്പോന്നു. സാധാരണ ശനിയാഴ്ച ഉച്ചവരെ ട്യൂഷനുള്ളതാ."

"എത്ര കുട്ടികളുണ്ട്?"

"പന്ത്രണ്ടു കുട്ടികളേ ഉള്ളൂ. വേറേ ജോലിയൊന്നും കിട്ടാത്തതുകൊണ്ട് പോകുന്നൂന്നുമാത്രം. ഒരു വരുമാനമായല്ലോ."

"എത്രവരെ പഠിച്ചു?"

"ഡിഗ്രി പാസായി. തുടർന്നു പഠിക്കാൻ കാശില്ലാതിരുന്നതുകൊണ്ടു പോയില്ല. പപ്പ മരിച്ചതിനുശേഷം അമ്മേടെ കണ്ണുകൾ തോർന്നിട്ടില്ല."

ശേഷം 13-ാം പേജിൽ

# ഹാൻഡ്ബുക്ക് – 2
# ഓൺ മാര്യേജ് & ഫാമിലി




മക്കളുടെ വിവാഹവും കുടുംബജീവിതവും പല കുടുംബങ്ങളിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി നിരവധി മാതാപിതാക്കൾ എന്നോടു സങ്കടം പറഞ്ഞിട്ടുണ്ട്. പുതിയ കാഴ്ചപ്പാടുകളും, ചില പ്രതിവിധികളും മാർഗനിർദ്ദേശങ്ങളും വഴി അവരെ ആശ്വസിപ്പിക്കാനാണ്, 2023 സെപ്റ്റംബറിൽ 'സന്തോഷം നഷ്ടപ്പെട്ടാൽ എന്തു ചെയ്യും?' എന്ന തലക്കെട്ടിൽ ആദ്യത്തെ ഹാൻഡ്ബുക്ക് ബെത്‌ലെഹം പ്രസിദ്ധീകരിച്ചത്.

ഈ കൈപ്പുസ്തകത്തിന് , നമ്മുടെ കുടുംബങ്ങളിൽ വളരെ ഹൃദ്യമായ സ്വീകരണമാണു ലഭിച്ചത്. സങ്കടം വിചാരിച്ചിരുന്ന ചിലർക്ക്, സന്തോഷം കണ്ടെത്താൻ ഈ പുസ്തകം സഹായിച്ചുവത്രേ.

ഏതായാലും കൂടുതൽ സമസ്യകളും പ്രതിസന്ധികളുമൊക്കെ എന്നോടു പങ്കുവയ്ക്കാൻ പലർക്കും അത് ഒരു പ്രചോദനമായി. ഇവയെല്ലാം ബെത്‌ലെഹം വൈവാഹിക സംഗമങ്ങളിൽ ആവേശപൂർവം ചർച്ച ചെയ്യുകയും, അതിൽനിന്നു ലഭിച്ച പുതിയ ഉൾക്കാഴ്ചകൾ നമ്മുടെ ബെത്‌ലെഹം ന്യൂസ് മാസികയിൽ പ്രസിദ്ധീകരിച്ചും വന്നു.

അതെല്ലാം ഒന്നിച്ചുചേർത്ത്, ഹാൻഡ് ബുക്കിന്റെ രണ്ടാം ഭാഗം ഏറെ കൃതജ്ഞതയോടെ അഭിമാനപൂർവം നിങ്ങൾക്കായി സമർപ്പിക്കുന്നു.



സസ്നേഹം
**ജോർജ്ജ് കാടങ്കാവിൽ**

## ഹാൻഡ്ബുക്ക് – 1
ഉള്ളടക്കം

- സന്തോഷം നഷ്ടപ്പെട്ടാൽ എന്തു ചെയ്യും !
- കരിയർ ഒരു മാർഗമോ? ലക്ഷ്യമോ?
- എന്തിനാ വിവാഹം? എന്തിനാ ജീവിക്കുന്നത് ?
- ഹൃദയമില്ലാത്ത ഇരുനൂറു പുരുഷന്മാർ !
- ശരിക്കും പ്രണയം എന്ന് ഒന്നുണ്ടോ ?
- സിവിലൈസേഷനിലെ ബാലൻസിംഗ് മെക്കാനിസം!
- ലിവിംഗ് ടുഗതറിലെ ഔദാര്യങ്ങളും അവകാശങ്ങളും !
- വിവാഹത്തിന് പരിഗണിക്കേണ്ട സുപ്രധാന കഴിവുകൾ !

## ഹാൻഡ്ബുക്ക് – 2
ഉള്ളടക്കം

- ജീവിതം ഒരു ഞാണിന്മേൽ കളി
- രണ്ടുപേർ ഒരു ചിമ്മിനിവഴി ഇറങ്ങിവരുന്നു
- വിവാഹം സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുമോ ?
- ആത്മവിശ്വാസവും, ഇണയെ ആകർഷിക്കാനുള്ള കഴിവും!
- മക്കളെ വിവാഹത്തിന് നിർബന്ധിക്കണമോ?
- വിവാഹാഘോഷം ഒരു മത്സരമാക്കുമ്പോൾ !
- ഇതു പഠിക്കാതെ വിവാഹം ചെയ്യരുത് !
- Id, Ego, Super Ego
- Time Management

To Read or Listen;
Scan QR Code.

Handbook - 1

Handbook - 2

**വിവാഹാലോചനകൾക്ക് ഒരു പുത്തൻ സംസ്കാരം**

**ബെത്‌ലെഹം മാട്രിമോണിയൽ**

**Educating and Uniting the Right Man with the Right Woman Since 1996**

Bethlehem Center for Research and Family Development, Kaloor, Kochi-17 73069 99539, 92493 92518

ADVT.

Deepanalam Weekly

RNI No : 16998/68
Vol. 57 No. 16 Date of Publication 20 June 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

## ST. MARY'S ENGINEERING INSTITUTE

Recognised Under DTE, Govt. of Kerala
KRISHNA, EDAMATTOM ROAD, MURIKKUMPUZHA,
PALA-686575, KOTTAYAM DT.
ESTD: 1963

**2024 – 25 അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

**കേരള ഗവ. റഗുലർ/ഈവനിംഗ് എൻജിനീയറിംഗ് കോഴ്സുകൾ**

1. സിവിൽ എൻജിനീയറിംഗ്
2. മെക്കാനിക്കൽ എൻജിനീയറിംഗ്
3. ഇലക്ട്രിക്കൽ എൻജിനീയറിംഗ്
4. ഓട്ടോമൊബൈൽ എൻജിനീയറിംഗ്
5. റഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് എൻജിനീയറിംഗ്
6. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിഗ്
7. കംപ്യൂട്ടർ എൻജിനീയറിഗ്

പ്രോസ്പെക്ടസിന് Rs. 150/-

**കോഴ്സ് നിബന്ധനകൾ**

1. എസ്.എസ്.എൽ.സി. ജയിച്ചതോ, പ്ലസ്ടു (ജയിച്ചതോ/തോറ്റതോ)വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഈവനിംഗ്/ മോർണിംഗ് ക്ലാസുകളുടെ കാലാവധി 2 വർഷമാണ്. ഈവനിംഗ് ക്ലാസുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല.
2. ഈവനിംഗ് കോഴ്സുകളുടെ സമയം എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകിട്ട് 5.30 മുതൽ രാത്രി 9.30 വരെയായിരിക്കും.
3. ഇന്റർനാഷണൽ കമ്പനികളുടെ ക്യാമ്പസ് ഇന്റർവ്യൂ സെലക്ഷൻ.
4. സർക്കാർ/ അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃതസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അറ്റൻഡർ, പ്യൂൺ, ലാബ് അസിസ്റ്റന്റ് തുടങ്ങി എല്ലാ 4-ാം ഗ്രേഡ് ജീവനക്കാർക്കും അതത് സ്ഥാപനത്തിന്റെ മേധാവി അനുവദിക്കുന്ന എൻ.ഒ.സി., പ്രവൃത്തിപരിചയസർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സായാഹ്നക്ലാസിൽ പ്രവേശനം നൽകുന്നത്.
5. SC/ST/OEC വിഭാഗങ്ങൾക്ക് ഗവ. ആനുകൂല്യങ്ങൾ ലഭ്യമാണ്. പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്കും എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങൾക്കും വിദേശജോലികൾക്കും സ്വയംതൊഴിൽ നേടുന്നതിനും ഈ കോഴ്സ് പ്രയോജനപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പാലാ - ഇടമറ്റം റോഡിൽ മുരിക്കുംപുഴയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ടോ താഴെ പറയുന്ന ഫോൺനമ്പരിലോ ബന്ധപ്പെടുക.

**എല്ലാ കോഴ്സുകളിലും പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നു**

*K. UNNIKRISHNAN NAIR*
*CHAIRMAN*
*PH: 9447809605, 04822-212795*

*S. SREEKUMARY M.Sc.*
*PRINCIPAL*
*PH: 9447869882, 04822-214132*




## ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ

**ഡിഗ്രി**
3 Years. Eligibility: +2/VHSE

**ഡിപ്ലോമ**
1Year. Eligibility: SSLC and Above

**ഷോർട്ട് ടേം കോഴ്സുകൾ** 3 Months. Eligibility: SSLC and Above

**DEGREE/DIPLOMA COURSES**

BBA-CATERING & HOTEL MANAGEMENT
DIPLOMA IN CATERING SCIENCE & HOTEL MANAGEMENT
Eligibility: +2 / VHSE. Duration - 2 years
DIPLOMA IN CATERING SCIENCE & HOTEL MANAGEMENT
Eligibility: SSLC. Duration - 1 year

**SHORT TERM COURSES**

- FRONT OFFICE OPERATIONS
- HOUSE KEEPING MANAGEMENT
- FOOD & BEVERAGE SERVICE
- FOOD & BEVERAGE PRODUCTION

**BRIGHT INSTITUTE**

Oorassala Road, Arunapuram P.O., PALA - 686 574. Tel: 04822 214082, Mob: 9447463911, 7591946129.
Mount Sinai Hospital Road, THODUPUZHA - 685 584. Mob.: 9447463911, 9605331065.
P.P. Jose Road, CHANGANACHERRY - 686 101. Tel.: 0481 2402898, Mob.: 8075820816, 9747857140

For Online Admission Visit: www.brightinstitute.in

## അമല ആയുർവേദ

**അട്ടിക്കൽ, പൊൻകുന്നം, ഫോൺ: 04822 – 221058, 9447773241**

വാതരോഗങ്ങൾ, ത്വഗ്രോഗങ്ങൾ, സോറിയാസിസ്, നട്ടെല്ലുരോഗങ്ങൾ, തളർവാതം, അർശസ്സ്, പ്രമേഹം, ആസ്ത്മ, കരൾരോഗങ്ങൾ, വൃക്കരോഗങ്ങൾ, സ്ത്രീരോഗങ്ങൾ, ബാലരോഗങ്ങൾ എന്നിവയ്ക്ക് പ്രത്യേക ചികിത്സ. പിഴിച്ചിൽ, തിരുമ്മ്, നവരക്കിഴി, പഞ്ചകർമ്മചികിത്സ എന്നിവയ്ക്ക് പ്രത്യേക ചികിത്സാവിഭാഗം. ഒടിവ്, ചതവ്, ഉളുക്ക് ഇവയ്ക്ക് മർമ്മചികിത്സ. സ്ത്രീകൾക്കുവേണ്ടി പ്രത്യേക വിഭാഗവും ഡോക്ടറുടെ സേവനവും ലഭ്യമാണ്.

*പരിശോധനാസമയം:* രാവിലെ 9 മുതൽ 1 വരെ, ഉച്ചകഴിഞ്ഞ് 3.00 മുതൽ 6.30 വരെ (ഞായർ അവധി)

**ഫിസിഷ്യൻസ് :**
ഡോ. കെ.എം. ഫിലിപ്പ് B.A.M.
ഡോ. സോഫിയ ഫിലിപ്പ് B.A.M.
ഡോ.സെബാസ്റ്റ്യൻ ഫിലിപ്പ് B.A.M.S., M.D (Ay)
ഡോ. ലിൻഡാ സെബാസ്റ്റ്യൻ B.A.M.S.

## കൊറ്റത്തിൽ ആയുർവേദ ഹോസ്പിറ്റൽ

**ചപ്പാത്ത്, അയർക്കുന്നം കോട്ടയം**
Phone: 0481-2545588, 9447054461
Website: www.kottathilayurveda.com
E-mail : mail@kottathilayurveda.com



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്രോഗങ്ങൾ
- വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

എല്ലാവിധ ഇംഗ്ലീഷ് – ആയുർവേദ – വെറ്ററിനറി മരുന്നുകൾക്കും വിശ്വസ്തസ്ഥാപനം

## NIRAPPEL MEDICAL STORE

(നിരപ്പേൽ നാരായണൻവൈദ്യനാൽ 1947 ൽ സ്ഥാപിതം)

**ന്യൂ മുനിസിപ്പൽ കോംപ്ലക്സ്, വലിയപാലത്തിനു സമീപം മെയിൻ റോഡ്, പാലാ Ph: 7559927020**

എല്ലാവിധ ഇൻസുലിനും 15 % മുതൽ 20% വരെ വിലക്കുറവിൽ ലഭിക്കുന്നു

ആയുർവേദഫിസിഷ്യന്റെ സേവനം ലഭ്യമാണ്

വിപണിയിൽ പ്രചാരമേറുന്നു...: ബീനാ ഹെയർ ടോണിക്

ഡോ. സച്ചിൻ ദിലീപ് നിരപ്പേൽ BAMS (ഫിസിഷ്യൻ)

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org